بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം
1
വാർഷിക
വരിസംഖ്യ
300 രൂപ

# ബദർ
വീക്കിലി ഖാദിയാൻ

The weekly
**BADAR** Qadian
Malayalam

ലക്കം
36
പത്രാധിപർ
എച്ച്.ശംസുദ്ദീൻ
സഹപത്രാധിപർ
മുഹമ്മദ്
ഇസ്മായീൽ

www.akhbarbadrqadian.in

2016 നവംബർ 10/ഹി:ശം:1395 നുബുവ്വത്ത് 10/ഹി:ഖ: 1438 സ്വഫർ 09

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ 2016 ഒക്ടോബർ 07ന് ഇന്റർനാഷണൽ സെന്റർ Mississauga യിൽ ജുമുഅ ഖുത്വ്ബ നിർവഹിച്ചു.അതിന്റെ പൂർണരൂപം ഈ ലക്കം 3-ാം പേജിൽ വായിക്കുക.

സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയംവരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്ലനാ ഫീ ഉംരിഹീ വ അംരിഹീ.

**എനിക്കെതിരിൽ ലോകത്തുള്ള എല്ലാ ജനതകളും ഒന്നിച്ചാലും ആർക്കാണ് അല്ലാഹു അദൃശ്യജ്ഞാനം നല്കുന്നതെന്നും ആരുടെ പ്രാർഥനയാണ് സ്വീകരിക്കപ്പെടുന്നതെന്നും ആരെയാണ് സഹായിക്കുന്നതെന്നും ആർക്കുവേണ്ടിയാണ് വലിയ വലിയ ദൃഷ്ടാന്തങ്ങൾ കാണിക്കുന്നതെന്നും പരീക്ഷിച്ചാലും ഞാൻ അല്ലാഹുവിനെപിടിച്ച് സത്യം ചെയ്ത് പറയുന്നു, ഞാൻ തന്നെയായിരിക്കും വിജയിക്കുന്നത്. ഈ പരീക്ഷയിൽ എനിക്കെതിരിൽ വരാൻ ആരെങ്കിലും തയ്യാറുണ്ടോ? ഇസ്‌ലാം മതം സത്യമാണെന്ന് ശത്രു മനസ്സിലാക്കുന്നതിനുമാത്രം ആയിരക്കണക്കിന് ദൃഷ്ടാന്തം അല്ലാഹു എനിക്ക് നല്കി. ഞാൻ എന്റേതായ ഒരു ആദരവും ആഗ്രഹിക്കുന്നില്ല. പ്രത്യുത ആർക്കുവേണ്ടിയാണോ ഞാൻ അയക്കപ്പെട്ടിട്ടുള്ളത് അവന്റെ ആദരവാണ് ഞാൻ ആഗ്രഹിക്കുന്നത്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

**ചോദ്യം(9).** സദുദ്ദേശ്യത്തോടെ നബി(സ)തിരുമേനിയെ എതിർത്തവർ അല്ലെങ്കിൽ എതിർക്കുന്നവർ അതായത് നബി(സ)തിരുമേനിയുടെ നുബുവ്വത്തിനെ നിഷേധിക്കുകയും ദൈവത്തിന്റെ ഏകത്വത്തെ വിശ്വസിക്കുകയും സൽക്കർമങ്ങൾ ചെയ്യുകയും ദുഷ്കർമങ്ങൾ ചെയ്യാതിരിക്കുകയും ചെയ്യുന്നവരെക്കുറിച്ച് എന്തു വിശ്വാസമാണ് വെച്ചുപുലർത്തേണ്ടത്?

**മറുപടി:** ശാന്തി പ്രാപിക്കുന്നതോടെയാണ് മനുഷ്യന്റെ സദുദ്ദേശ്യം സ്ഥാപിതമാകുന്നത്. ഇസ്‌ലാമില്ലാതെ മറ്റൊരു മതത്തിലും ശാന്തി ലഭിക്കുകയില്ല. അപ്പോൾ സദുദ്ദേശ്യത്തിനുള്ള തെളിവെന്താണ്? ഉദാഹരണത്തിന് ക്രൈസ്തവ മതത്തിന്റെ അവസ്ഥതന്നെ! അവർ തുറന്ന നിലയിൽ ഒരു മനുഷ്യനെ ദൈവമാക്കിക്കൊണ്ടിരിക്കുന്നു; ആ മനുഷ്യനാണെങ്കിലോ എഴുത്തു പലകയിൽ പീഢനം സഹിച്ചയാളും. ആര്യ സമാജക്കാർ തങ്ങളുടെ പരമേശ്വരനെ സംബന്ധിച്ച് ഒരു തെളിവും കൊണ്ടുവന്നില്ല. കാരണം സൃഷ്ടികളുടെമേൽ ദൃഷ്ടി പതിപ്പിച്ച് സ്രഷ്ടാവിനെ തിരിച്ചറിയാൻ അവരുടെ പക്കൽ അവൻ സ്രഷ്ടാവല്ല. അവരുടെ മതത്തിന്റെ അടിസ്ഥാനത്തിൽ ദൈവം അത്ഭുത പ്രവർത്തികൾ കാണിക്കുകയില്ല. ദിവ്യാത്ഭുതങ്ങളിലൂടെ പരമേശ്വരനെ സംബന്ധിച്ചുള്ള തെളിവു ലഭിക്കാൻ വേദത്തിന്റെ കാലഘട്ടത്തിൽ അത് കാണിച്ചിട്ടുമില്ല. പരമേശ്വരനിൽ ഉണ്ടെന്ന് പറയുന്ന സവിശേഷ ഗുണങ്ങൾ യഥാർഥത്തിൽ അവനിലുണ്ടെന്ന് കാണിക്കാൻ അവരുടെ പക്കൽ ഒരു തെളിവുമില്ല. ഉദാഹരണത്തിന് അദൃശ്യം അറിയുക, കേൾക്കുക, സംസാരിക്കുക, കഴിവുള്ളവനാകുക, ദയാലുവാകുക. അതുകൊണ്ട് അവരുടെ പരമേശ്വരൻ വെറും സാങ്കല്പിക പരമേശ്വരനാണ്. ഇതുതന്നെയാണ് ക്രിസ്ത്യാനികളുടേയും അവസ്ഥ. അവരുടെ ദൈവത്തിന്റെ ഇൽഹാമിലും സീൽ അടിച്ചിരിക്കുകയാണ്. അതുകൊണ്ട് അത്തരം പരമേശ്വരനിലും ദൈവത്തിലും വിശ്വസിക്കുന്നതുകൊണ്ട് ശാന്തി എങ്ങനെ കൈവരാനാണ്. തന്റെ ദൈവത്തിൽ പരിപൂർണമായും വിശ്വസിക്കാത്ത വ്യക്തിയ്ക്ക് എങ്ങനെയാണ് പരിപൂർണമായ നിലയിൽ ദൈവത്തെ സ്നേഹിക്കാൻ സാധിക്കുക. ബഹുദൈവാരാധനയിൽനിന്ന് എങ്ങനെയാണ് ഒഴിയാൻ കഴിയുക. അല്ലാഹു തന്റെ ദൂതനായ നബി(സ)തിരുമേനിയുടെ ന്യായപൂർത്തിയിൽ ഒരു കുറവും വെച്ചില്ല. ആ മഹാത്മാവ് ഒരു സൂര്യനെപോലെ വരികയും എല്ലാ വശത്തുടേയും തന്റെ വെളിച്ചം പ്രകടിപ്പിക്കുകയും ചെയ്തു. അതിനാൽ ആരാണോ ഈ യഥാർഥമായ സൂര്യനിൽനിന്ന് മുഖം തിരിക്കുന്നത് അവന് നല്ലതല്ല. നമുക്ക് അവനെ സദുദ്ദേശ്യമുള്ളവൻ എന്ന് പറയാൻ പറ്റുകയില്ല. കുഷ്ഠരോഗിയായവനും അവയവങ്ങൾ കുഷ്ഠം തിന്നു തീർത്തിട്ടുള്ളവനും താൻ കുഷ്ഠരോഗിയല്ലെന്ന് പറയാൻ പറ്റുമോ. അല്ലെങ്കിൽ തനിക്ക് ചികിത്സിക്കേണ്ട ആവശ്യമില്ലെന്ന് പറയാൻ കഴിയുമോ?ഇനി അങ്ങനെ അവൻ പറഞ്ഞാൽ അവനെ സദുദ്ദേശ്യമുള്ളവനെന്ന് നമുക്ക് പറയാൻ പറ്റുമോ? ഇതുകൂടാതെ അത്തരം ആരെങ്കിലും ലോകത്തുണ്ടെന്ന് സങ്കല്പിച്ചാൽത്തന്നെ അതായത് അയാൾ പൂർണമായ സദുദ്ദേശ്യവും ഭൗതിക നേട്ടം കരസ്ഥമാക്കുന്നതുപോലെ പൂർണമായ പരിശ്രമവും ചെയ്തിട്ടും ഇസ്‌ലാമിന്റെ സത്യംവരെ എത്താൻ കഴിഞ്ഞില്ലെങ്കിൽ അയാളുടെ കണക്ക് അല്ലാഹുവിന്റെ പക്കലാണ്. എന്നാൽ, നാം നമ്മുടെ പ്രായത്തിന്നിടയിൽ അത്തരം ഒരാളേയും കണ്ടിട്ടില്ല. അതുകൊണ്ട് ഏതെങ്കിലും വ്യക്തി ബുദ്ധിയുടേയും നീതിയുടേയും അടിസ്ഥാനത്തിൽ ഏതെങ്കിലും മറ്റു മതത്തിന് ഇസ്‌ലാമിനുമേൽ മുൻഗണനനല്കുന്നത് ഖണ്ഡിതമായും അസാധ്യമായി നാം മനസ്സിലാക്കുന്നു. വിവരമില്ലാത്തവരും അജ്ഞരുമായ ആളുകൾ ഏകദൈവവിശ്വാസം മാത്രംമതി, നബി(സ)തിരുമേനിയെ വിശ്വസിക്കേണ്ട ആവശ്യമില്ലെന്ന കാര്യം ദോഷപ്രവണമായ ആത്മാവിന്റെ പ്രേരണയാൽ പഠിക്കുന്നു. എന്നാൽ, തൗഹീദിന്റെ മാതാവ് നബി തന്നെയാണെന്ന കാര്യമോർക്കുക. അദ്ദേഹം മുഖേന തൗഹീദുണ്ടാകുന്നു. അല്ലാഹുവിന്റെ അസ്തിത്വം അദ്ദേഹത്തിൽനിന്നാണ് അറിയാൻ കഴിയുന്നത്. അല്ലാഹുവിനെക്കാളധികം ന്യായപൂർത്തി നിറവേറ്റുന്നത് അറിയുന്നവൻ ആരാണ്? അവൻ തന്റെ ആദരണീയനായ നബിയുടെ സത്യം സ്ഥാപിക്കുന്നതിനുവേണ്ടി ഭൂമിയും ആകാശവും ദൃഷ്ടാന്തങ്ങൾകൊണ്ട് നിറച്ചിരിക്കുന്നു. ഇപ്പോൾ ഈ കാലഘട്ടത്തിലും അല്ലാഹു ഒന്നുമല്ലാത്ത ഈ സേവകനെ അയച്ചുകൊണ്ട് ആയിരക്കണക്കിന് ദൃഷ്ടാന്തങ്ങൾ നബി(സ)തിരുമേനിയുടെ സത്യസാക്ഷ്യത്തിനായി വെളിപ്പെടുത്തി. അത് മഴപോലെ വർഷിച്ചുകൊണ്ടിരിക്കുന്നു. അപ്പോൾ ന്യായപൂർത്തി നിറവേറ്റുന്നതിന് എന്തുകുറവാണ് ബാക്കിയുള്ളത്. എതിർക്കാൻ ബുദ്ധിയുള്ളവന് എന്തുകൊണ്ട് യോജിപ്പിന്റെ വഴിയെ കുറിച്ച് ചിന്തിച്ചുകൂട. രാത്രിയിൽ കാണാൻ കഴിയുന്നവന് എന്തുകൊണ്ട് പകൽവെളിച്ചത്തിൽ കാണാൻ കഴിയുന്നില്ല. വാസ്തവത്തിൽ നിഷേധത്തിന്റെ വഴികളെ അപേക്ഷിച്ച് സത്യപ്പെടുത്തുന്ന വഴി വളരെ ലളിതമാണ്. അതേ! ബുദ്ധികവർന്നെടുക്കപ്പെട്ടവനെപ്പോലുള്ളവന്റേയും മാനുഷികമായ ശക്തികൾ കുറഞ്ഞവന്റേയും കണക്ക് അല്ലാഹുവിനെ ഏല്പിക്കേണ്ടതാണ്. അതിനെക്കുറിച്ച് നമുക്ക് പറയാൻ പറ്റുകയില്ല. ബാല്യത്തിലും കുട്ടിക്കാലത്തും മരിക്കുന്ന മനുഷ്യരെപോലെയാണവൻ. എന്നാൽ, ഒരു ദ്രോഹിയായ നിഷേധിക്ക് താൻ സദുദ്ദേശ്യത്തോടെയാണ് നിഷേധിക്കുന്നതെന്ന ഒഴിവ് പറയാൻ പറ്റുകയില്ല. തൗഹീദിന്റേയും രിസാലത്തിന്റേയും വിഷയം മനസ്സിലാക്കാൻപറ്റിയതാണോ അവന്റെ ബോധമെന്ന് നോക്കേണ്ടതാണ്. മനസ്സിലാക്കാൻ കഴിയുമെന്നും ദുഷ്ടത കൊണ്ടാണ് നിഷേധിക്കുന്നതെന്ന് തോന്നുകയും ചെയ്യുന്നെങ്കിൽ അവൻ കഴിവില്ലാത്തവനാകുന്നതെങ്ങനെ? ഒരുവൻ സൂര്യന്റെ പ്രകാശം കണ്ടിട്ട് പകൽ അല്ല, രാത്രിയാണെന്ന് പറഞ്ഞാൽ നമ്മൾ അവനെ കഴിവില്ലാത്തവനെന്ന് പറയുമോ? ഇപ്രകാരം അറിഞ്ഞുകൊണ്ട് ദുർവിവാദം നടത്തുന്നവരേയും ഇസ്‌ലാമിന്റെ തെളിവുകളെ ഖണ്ഡിക്കാൻ കഴിയാത്തവരേയും കഴിവില്ലാത്തവരാണെന്ന് നമുക്ക് കരുതാൻ പറ്റുമോ? ഇസ്‌ലാം ഒരു ജീവസുറ്റമതമാണ്. ജീവിച്ചിരിക്കുന്നവരും മരിച്ചവരും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കാൻ കഴിയുന്നവർ എങ്ങനെയാണ് ഇസ്‌ലാമിനെ ഉപേക്ഷിക്കുകയും മരിച്ച മതത്തെ സ്വീകരിക്കുകയും ചെയ്യുന്നത്? അല്ലാഹു ഇക്കാലത്തും ഇസ്‌ലാമിനെ പിന്തുണച്ചുകൊണ്ട് വലിയ വലിയ ദൃഷ്ടാന്തങ്ങൾ വെളിപ്പെടുത്തുന്നു. ഇതിന് ഞാൻ സ്വയം അനുഭവസ്ഥനാണ്. എനിക്കെതിരിൽ ലോകത്തുള്ള എല്ലാ ജനതകളും ഒന്നിച്ചാലും ആർക്കാണ് അല്ലാഹു അദൃശ്യജ്ഞാനം നല്കുന്നതെന്നും ആരുടെ പ്രാർഥനയാണ് സ്വീകരിക്കപ്പെടുന്നതെന്നും ആരെയാണ് സഹായിക്കുന്നതെന്നും ആർക്കുവേണ്ടിയാണ് വലിയ വലിയ ദൃഷ്ടാന്തങ്ങൾ കാണിക്കുന്നതെന്നും പരീക്ഷിച്ചാലും ഞാൻ അല്ലാഹുവിനെപിടിച്ച് സത്യം ചെയ്ത് പറയുന്നു, ഞാൻ തന്നെയായിരിക്കും വിജയിക്കുന്നത്. ഈ പരീക്ഷയിൽ എനിക്കെതിരിൽ വരാൻ ആരെങ്കിലും തയ്യാറുണ്ടോ? ഇസ്‌ലാംമതം സത്യമാണെന്ന് ശത്രു മനസ്സിലാക്കുന്നതിനുമാത്രം ആയിരക്കണക്കിന് ദൃഷ്ടാന്തം അല്ലാഹു എനിക്ക് നല്കി. ഞാൻ എന്റേതായ ഒരു ആദരവും ആഗ്രഹിക്കുന്നില്ല. പ്രത്യുത ആർക്കുവേണ്ടിയാണോ (ശേഷം പേജ് 2ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദർ ബോർഡ്,ഖാദിയാൻ

# അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ)

- ഹാഫിസ് മുസഫർ അഹ്മദ്

നമ്മുടെ യജമാനരായ ഹദ്റത്ത് മുഹമ്മദു മുസ്ത ഫാ(സ)യുടെ പരിശുദ്ധ ശക്തിപ്രഭാവത്തിന്റെ അത്യ ത്ഭുതകരമായൊരു ദൃഷ്ടാന്തമായിരുന്നു ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ). പൊക്കംകുറഞ്ഞ വ്യക്തിയും ശ്യാമള നിറവുമുള്ള ഈ ആട്ടിടയനെ നബി(സ)തിരുമേനി തന്റെ അനുഗൃഹീത സഹവാസ ത്തിലെടുക്കുകയും ആത്മീയചക്രവാളത്തിലെ മിനു മിനാമിന്നുന്ന നക്ഷത്രമാക്കിത്തീർക്കുകയും ചെയ് തു. ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) ഒരു വശത്ത് ജ്ഞാനത്തിന്റേയും കർമത്തിന്റേയും ഉന്നതി പ്രാപിക്കുകയും മറുഭാഗത്ത് കൂഫയിലെ ഗവർണർ സ്ഥാനംവരെ അലങ്കരിക്കുകയും ചെയ്തു.

**പേര്,കുടുംബം, ഇസ്ലാംമത സ്വീകരണം :-**

ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)ന് ബനൂ ഹുദയ്ൽ ഗോത്രവുമായിട്ടായിരുന്നു ബന്ധം. സംജ്ഞാനാമം അബൂ അബ്ദുർറഹ്മാൻ എന്നാ യിരുന്നു. അദ്ദേഹത്തിന്റെ മാതാവ് ഉമ്മു അബ്ദുല്ലാ ഹ് ബിൻത് അബ്ദൂദിന് ഇസ്ലാം സ്വീകരിക്കാനും സ്വഹാബിയഃ ആയിത്തീരാനുമുള്ള സൗഭാഗ്യം ലഭി ച്ചു.

ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)ന് ഇസ്ലാ മിന്റെ പ്രാരംഭ കാലത്തുതന്നെ ദാറുഅർക്കമിൽവച്ചു 6-ാമനായിക്കൊണ്ട് ഇസ്ലാം സ്വീകരിക്കാൻ ഭാഗ്യ മുണ്ടായി. തന്റെ ഇസ്ലാംമത സ്വീകരണം അദ്ദേഹം ഇങ്ങനെ വിവരിക്കുന്നു: "ജാഹ്ലിയാ കാലഘട്ട ത്തിൽ ഉഖ്ബഃ ബിൻ അബീമുഈത്തിന്റെ ആടുക ളെ മേയ്ക്കാറുണ്ടായിരുന്നു. ആ അവസരത്തിൽ നബി(സ)തിരുമേനിയും ഹദ്റത്ത് അബൂബക്കറും (റ) എന്റയടുത്തു വന്നു. അവരുടെ ഉത്കൃഷ്ടമായ പെരുമാറ്റവും ചില അടയാളങ്ങളുംകണ്ട് പരിശുദ്ധ ഇസ്ലാം സ്വീകരിക്കാൻ എനിക്കു ഭാഗ്യം കിട്ടി.

**അറിവിനോടുള്ള അതിയായ അഭിവാഞ്ഛ:-**

നബി(സ)തിരുമേനി ഖുർആനിക വചനങ്ങൾ ഓതു ന്നതു ഒരിക്കൽ ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)കേട്ടു. തന്നെയും ആ ഗ്രന്ഥം പഠിപ്പി ക്കാൻ ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ), നബി(സ)തിരുമേനിയോടു അപേക്ഷിച്ചു. പവിത്ര ഗ്രന്ഥത്തോടുള്ള അദ്ദേഹത്തിന്റെ അതിയായ ആഗ്ര ഹംകണ്ട് നബി(സ)തിരുമേനി അദ്ദേഹത്തെ പ്രോ ത്സാഹിപ്പിച്ചുകൊണ്ടു പറഞ്ഞു: 'പഠിക്കാനുള്ള കഴി വ് താങ്കളിൽ വേണ്ടുവോളമുണ്ട്.'

അങ്ങനെ നബി(സ)തിരുമേനിയിൽനിന്ന് ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) ദൈവഗ്രന്ഥത്തി ന്റെ പാഠങ്ങൾ കേട്ടു. അദ്ദേഹം പറയുന്നു: 'അതിനു ശേഷം ഞാൻ നബി(സ)തിരുമേനിയിൽനിന്ന് 70 അധ്യായങ്ങൾ പഠിച്ചു. സ്വഹാബിമാരിലാർക്കും ഇത്ര യധികം സൂറത്തുകൾ മനഃപാഠമില്ലാതിരുന്ന ഒരു കാലമുണ്ടായിരുന്നു. അല്ലാഹുവിന്റെ ഗ്രന്ഥത്തെ ഏറ്റവുമാദ്യം മനഃപാഠമാക്കിപഠിച്ചത് ഹദ്റത്ത് അ ബ്ദുല്ലാഹിബ്നു മസ്ഊദ്(റ)ആയിരുന്നുവെന്ന് ഹദ് റത്ത് അലി(റ)പറയാറുണ്ടായിരുന്നു.

**പ്രബോധനാവേശം:-**

ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)ന് എതി ർപ്പിന്റെ ആദ്യ കാലത്ത് മക്കയിലെ ഖുറയ്ശീ നേ താക്കന്മാരെ വിശുദ്ധ ഖുർആൻ ഉച്ചത്തിൽ ഓതി ക്കേൾപ്പിക്കുക എന്ന ബഹുമതിയും കിട്ടിയിരു ന്നു. ഈ മഹത്ത്വവും ഭാഗ്യവും ആത്മാർഥതയും ത്യാഗവും എങ്ങനെയാണ് അദ്ദേഹത്തിന് ലഭിച്ച തെന്ന സംഭവം ഏറെ കൗതുകമുണർത്തുന്നതാണ്. കുറച്ചു സ്വഹാബിമാർ ഒരിടത്തു ഒത്തുകൂടി. ഇന്നു വരെ തങ്ങൾ എതിരാളികൾക്ക് വിശുദ്ധ ഖുർആൻ ഉച്ചത്തിൽ കേൾപിച്ചിട്ടില്ല, അതെങ്ങനെ കേൾപി ക്കാൻ കഴിയും, അവരെ എങ്ങനെ അല്ലാഹുവിലേ ക്ക് ക്ഷണിക്കാൻ കഴിയും തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് അവർ ചർച്ച ചെയ്യാൻ തുടങ്ങി. ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) വളരെ താൽപര്യത്തോടെ താൻ ഈ സേവനത്തിന് തയ്യാ റാണെന്ന് പറഞ്ഞു. എന്നാൽ, ഈ കർത്തവ്യം നി ർവഹിക്കാൻ സ്വയം തയ്യാറാകുന്ന ആൾ പ്രബോ ധന സമയത്തുണ്ടാകുന്ന എതിർപ്പിനെ പ്രതിരോ ധിക്കാൻ കഴിവുള്ള ഗോത്രത്തിൽപ്പെട്ട ആളായിരി ക്കണമെന്ന് മറ്റു സ്വഹാബിമാർ അഭിപ്രായപ്പെട്ടു. അതായിരിക്കും കൂടുതൽ ഉചിതമെന്ന് അവർ പ റഞ്ഞു. കാരണം ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ് ഊദ്(റ)ന്റെ ഗോത്രം അത്ര ശക്തമല്ലാത്തതിനാ ൽ അദ്ദേഹത്തിനു കൂടുതൽ പ്രതിരോധിക്കാൻ കഴി യുമോ എന്ന ആശങ്ക അവർക്കുണ്ടായിരുന്നു. എ ന്നാൽ, ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) പറഞ്ഞു: 'നിങ്ങൾ അതിനെക്കുറിച്ച് ചിന്തിക്കണ്ട. അല്ലാഹു എന്നെ സംരക്ഷിച്ചുകൊള്ളും.' പിറ്റേന്ന് പ്രഭാതത്തിൽ ധീരനും നിർഭയനുമായ ആ പ്രബോ ധകൻ കഅ്ബഃ ദേവാലയത്തിൽച്ചെന്ന് ഖുറയ്ശി കളുടെ സഭയ്ക്കടുത്ത് മഖാമെ ഇബ്റാഹീമിൽനി ന്നുകൊണ്ട് വിശുദ്ധ ഖുർആനിലെ റഹ്മാൻ എന്ന അമ്പത്തിഅഞ്ചാമത്തെ അധ്യായം പാരായണം ചെ യ്യാൻ തുടങ്ങി. ആദ്യമൊക്കെ അവർ ശ്രദ്ധയോടെ കേട്ടിരുന്നു. പിന്നീടു പരിശുദ്ധ ഗ്രന്ഥമാണ് തങ്ങളെ കേൾപ്പിച്ചുകൊണ്ടിരിക്കുന്നതെന്ന് അവർക്ക് മന സ്സിലായപ്പോൾ അവരെഴുന്നേറ്റ് ഹദ്റത്ത് അബ്ദു ല്ലാഹിബ്നു മസ്ഊദ്(റ)നെ പിടിച്ചമർത്തുകയും ക്രൂരമായി മർദിക്കുകയും ചെയ്തു. എന്നാൽ, ഹദ് റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) അത്ഭുതകര മായ സ്ഥൈര്യത്തോടെ അധ്യായം മുഴുവൻ ഓതി ത്തീർത്തിട്ടെ അവിടെനിന്ന് മടങ്ങിയുള്ളു. ഈ മർ ദനമുണ്ടാകുമെന്ന ആശങ്ക തങ്ങൾക്കുണ്ടായിരുന്നു വെന്ന് സ്വഹാബത്ത് പിന്നീടു പറയുകയുണ്ടായി. ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) പറഞ്ഞു: അല്ലാഹുവാണ! ഞാൻ വിശുദ്ധഖുർആൻ പാരാ യണം ചെയ്യുകയായിരുന്നപ്പോൾ ശത്രുക്കൾ എനി ക്ക് ഒന്നുമല്ലാത്തവരായിട്ടായിരുന്നു തോന്നിയിരുന്ന ത്. നിങ്ങൾ സമ്മതിക്കുകയാണെങ്കിൽ നാളേയും ഖുറയ്ശീ നേതാക്കന്മാരുടെ സദസ്സിൽപ്പോയി വിശു ദ്ധഖുർആൻ കേൾപ്പിക്കാൻ ഞാൻ തയ്യാറാണ്.' സ്വ ഹാബത്ത് പറഞ്ഞു: 'വേണ്ട! ഇത്രമതി.'

**ഹിജ്റത്തും റസൂലിന് സേവനവും:-**

മക്കയിൽ എതിർപ്പ് കൊടുമ്പിരികൊണ്ടപ്പോൾ ആ ദ്യം ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)ന് ഹബ്ശയിലേക്ക് (അബീസീനിയ)ഹിജ്റ പോകാൻ ഭാഗ്യം കിട്ടി. പിന്നീടു അദ്ദേഹം മദീനയിലേക്കും ഹിജ്റത്തു ചെയ്തു. ഹിജ്റത്ത് ചെയ്ത് മദീനത്തു വന്നപ്പോൾ ഹദ്റത്ത് മുആദ് ബിൻ ജബലിന്റെ വീട്ടി ലായിരുന്നു താമസിച്ചത്; അദ്ദേഹത്തിന്റെ ആത്മീയ സഹോദരനായിട്ട്. മദീന ജീവിതത്തിന്റെ ആരംഭ കാലത്ത് അദ്ദേഹത്തിന്റെ സാമ്പത്തിക സ്ഥിതി അത്ര നല്ലതല്ലായിരുന്നു. നബി(സ)തിരുമേനി ഹിജ് റത്തു ചെയ്തു വന്നവർക്ക് (മുഹാജിരീൻ) താമ സിക്കാൻ മസ്ജിദുന്നബ്വിയുടെ അടുത്ത് ഏർപാ ടു ചെയ്തിരുന്നു. ബനു സഹ്റയിലെ ചിലയാളു കൾ ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) നെ കൂടെ താമസിപ്പിക്കാൻ അല്പം മടി കാണിച്ചു. നബി(സ)തിരുമേനി ഈ വിവരം അറിഞ്ഞു. നബി (സ)തിരുമേനി തന്റെ ദരിദ്രനും ദുർബലനുമായ ഈ ഭൃത്യനെ സംബന്ധിച്ച് അഭിമാനത്തോടെ പറ ഞ്ഞു: 'അല്ലാഹു എന്നെ അയച്ചിട്ടുള്ളത് നിങ്ങൾ ഓർക്കുക. ദുർബലരായ ജനതകളുടെ അവകാശം നല്കാത്ത ജനതയ്ക്ക് അല്ലാഹു ഒരിക്കലും അനു ഗ്രഹം നല്കുകയില്ല.' പിന്നീടു നബി(സ) തിരുമേനി ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)ന് മസ്ജി ദിന്നടുത്ത് താമസ സൗകര്യം ചെയ്തു കൊടുത്തു. സഹ്റ ഗോത്രത്തിന് മസ്ജിദിന്റെ പിൻഭാഗത്ത് ഒരു മൂലയിലായിരുന്നു താമസസ്ഥലം കിട്ടിയത്.

(തുടരും)

**(പേജ് 1ൽ നിന്ന്)** ഞാൻ അയക്കപ്പെട്ടിട്ടുള്ളത് അവന്റെ ആദരവാണ് ഞാൻ ആഗ്രഹിക്കുന്നത്. ഇന്ന ഇന്ന പ്രവചനങ്ങൾ പൂർത്തിയായിട്ടില്ലെന്ന് അജ്ഞരായ ചിലർ പറയാറുണ്ട്. തന്റെ വിവരക്കേ ടുകൊണ്ട് ഒന്നുരണ്ടു പ്രവചനം പറയുകയും ചെയ്യു ന്നു. ദ്രോഹികൾ മുമ്പേവന്ന പ്രവാചകന്മാരുടെ കാലത്ത് അങ്ങനെതന്നെയാണ് ചെയ്തുവന്നിരുന്ന ത്. എന്നാൽ, അവർ സൂര്യനുനേരെ തുപ്പാനാഗ്രഹി ക്കുകയാണ്. തങ്ങളുടെ കളവും കറ്റുകെട്ടുംകൊണ്ട് തങ്ങൾ പറയുന്ന കാര്യങ്ങൾക്ക് നിറം കൊടുത്ത് ജനങ്ങളെ വഞ്ചിക്കുന്നു. അവർക്ക് അല്ലാഹുവി ന്റെ നടപടിക്രമങ്ങളെ കുറിച്ചറിയില്ല. അവർക്ക് അല്ലാഹുവിന്റെ ഗ്രന്ഥങ്ങളെ കുറിച്ചറിയില്ല. ഇനി ആർക്കെങ്കിലും അറിവുണ്ടെങ്കിൽ അവൻ വെറും ദ്രോഹിക്കാൻ വേണ്ടിയാണ് അങ്ങനെ ചെയ്യുന്നത്. അവരുടെ പക്കൽ യൂനുസ് നബിയും കള്ളപ്രവാച കനായിരുന്നു. ഒരു നിബന്ധനയുമില്ലാതിരുന്ന അദ്ദേ ഹത്തിന്റെ ഖണ്ഡിതമായ പ്രവചനം പുലർന്നില്ല. എന്നാൽ, ആഥിമിനേയും അഹ്മദ് ബേഗിനേയും സംബന്ധിച്ച എന്റെ രണ്ടു പ്രവചനങ്ങളാണ് അവർ ആവർത്തിച്ചാവർത്തിച്ച് അവതരിപ്പിക്കുന്നത്. അത് അതിന്റെ നിബന്ധനയുടെ അടിസ്ഥാനത്തിൽ പു ലർന്നു കഴിഞ്ഞതാണ്. കാരണം അതിനോടൊപ്പം നിബന്ധനകളുണ്ടായിരുന്നു. ആ നിബന്ധനകൾ കാരണത്താലാണ് താമസിച്ചത്. ശിക്ഷയെ സംബ ന്ധിച്ചുള്ള പ്രവചനങ്ങൾ പൂർത്തിയാകണമെന്നത് നിർബന്ധമല്ലെന്ന് ഇക്കൂട്ടർക്ക് അറിയില്ല. ഇതിൽ എല്ലാ നബിമാരും യോജിച്ചിരിക്കുന്നു. ഞാൻ ഇതി നെക്കുറിച്ച് കൂടുതൽ എഴുതാനാഗ്രഹിക്കുന്നില്ല. കാരണം അതിന്റെ വിശദീകരണത്താൽ എന്റെ ഗ്രന്ഥങ്ങൾ നിറഞ്ഞുകിടക്കുന്നു. ആഥിം പ്രവചന മനുസരിച്ച് മരിച്ചു. അഹ്മദ് ബേഗും പ്രവചനമനു സരിച്ച് മരിച്ചു. ഇപ്പോൾ അയാളുടെ ജാമാതാവിനെ കുറിച്ചാണ് കരയുന്നത്. ശിക്ഷയെ സംബന്ധിച്ചു ള്ള പ്രവചനങ്ങളിലെ അല്ലാഹുവിന്റെ നടപടിക്രമം അവർ മറക്കുന്നു. നാണവും ലജ്ജയും നീതിയു മുണ്ടെങ്കിൽ രണ്ടു തുണ്ടുണ്ടാക്കി ഒരു തുണ്ടിൽ അയാളെ സംബന്ധിച്ച് പൂർത്തിയാകാത്ത പ്രവ ചനമെഴുതുക. രണ്ടാമത്തെ തുണ്ടിൽ ആർക്കും നിഷേധിക്കാൻ പറ്റാത്ത പ്രവചനങ്ങൾ നാമും എഴുതാം. അങ്ങേയറ്റം നിർമലമായ നദിക്കെതിരിൽ ഒരു തുള്ളിയാണ് അവർ അവതരിപിക്കുന്നതെന്ന് അപ്പോൾ അവർക്കു മനസ്സിലാകും. അത് അവരുടെ പക്കൽ നിർമലമൊട്ടല്ലതാനും." *(ഹഖീഖത്തുൽ വ ഹ്യ്, റൂഹാനീ ഖസായിൻ വാല്യം 22 പേജ് 180-182)*

**Website Design & Online Marketing**
Google SEO I Website Design I Social Media I Graphic Design
Call 0828 173 6451 Email: admin@dsignsworld.com
www.dsignsworld.com
DSIGNS WORLD

C.M HIDAYATHULLAH 9447029141, 9946631222
CITYLINK TRAVEL CORPORATION
Linking Destinations
Noor Complex, 3rd Floor, Mavoor Road, Calicut, Kerala
email: citylinkccj@gmail.com
Air Ticket, Visa Service, Attestation, Emigration, Train Ticket

# ഖുത്ബ ജുമുഅ

**ഇന്ന് അല്ലാഹുവിന്റെ കൃപയാൽ കാനഡ അഹ്മദിയ്യാ ജമാഅത്തിന്റെ ജൽസസാലാന ആരംഭിക്കുകയാണ്. ജൽസയുടെ ഉദ്ദേശ്യം റൂഹാനിയ്യത്ത് അഥവാ ആത്മീയതയിൽ അഭിവൃദ്ധി ഉണ്ടാകുക എന്നതാണ്. ആത്മീയതയിൽ അഭിവൃദ്ധിയില്ലെങ്കിൽ ജൽസയിൽ പങ്കെടുക്കുന്നത് നിഷ്ഫലമാണ്.**

**അഹ്മദികളുടെ വലിയൊരു വിഭാഗം ഇപ്പോൾ ഖാദിയാനിൽ ജൽസയിൽ പങ്കെടുക്കാൻ പോകുക എന്നത് സംഭാവ്യമല്ല. എവിടെയാണോ ഖലീഫയുടെ സാന്നിദ്ധ്യമുള്ളത് അവിടെ അഹ്മദികൾ വൻതോതിൽ പങ്കെടുക്കുക എന്നതും സംഭാവ്യമല്ല. ലോകത്ത് ജമാഅത്ത് വ്യാപിച്ചുകൊണ്ടിരിക്കുന്നതിനും അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നതിനുമനുസരിച്ച് ജമാഅത്തുള്ള എല്ലാ രാജ്യങ്ങളിലും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിൽ ഉണ്ടായിരുന്നതുപോലെ ഈ രീതിയിൽ ജൽസ സംഘടിപ്പിക്കേണ്ടത് അനിവാര്യമായിരുന്നു.**

**ഓരോ അഹ്മദിയും മറ്റു അഹ്മദികളോടുള്ള സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും ബന്ധത്തിൽ അഭിവൃദ്ധിപ്പെടേണ്ടതാണ്. ഈ ബന്ധം എത്രമാത്രം ഉറച്ചതും ശക്തവുമായിരിക്കണമെന്നാൽ ഒരു കാര്യത്തിനും ഈ ബന്ധത്തിൽ വിള്ളലുണ്ടാക്കാൻ കഴിയരുത്. അതിനെ തകർക്കാൻ കഴിയരുത്.'**

**അഹ്മദിയ്യാ ജമാഅത്ത് കാനഡ ഈ വർഷം തങ്ങളുടെ രാജ്യത്ത് ജമാഅത്ത് സ്ഥാപനത്തിന്റെ 50-ാം വർഷം ആഘോഷിക്കുകയാണ്. തങ്ങൾ അഹ്മദിയായതിനുശേഷം ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു ചെയ്തിട്ടുള്ള ബയ്അത്ത് പ്രതിജ്ഞ പൂർത്തിയാക്കുന്നതിന് ശ്രമിക്കുമ്പോഴാണ് ഇതിനു പ്രാധാന്യമുണ്ടാകുന്നതെന്ന കാര്യം കാനഡയിൽ വസിക്കുന്ന എല്ലാ അഹ്മദികളും ഓർക്കേണ്ടതാണ്. നമ്മളിൽ നിന്ന് എന്തൊന്നാണോ അവിടന്ന് പ്രതീക്ഷിക്കുന്നത് അതിലേക്ക് പൂർണമായും നമ്മൾ ഇറങ്ങണം. ഇല്ലെങ്കിൽ 50 വർഷമായാലും ഇനി അതിനെക്കാൾ കൂടുതലായാലും എന്തു വ്യത്യാസമുണ്ടാകാനാണ്?**

**ഹദ്റത്ത് മസീഹ് മൗഊദ്(അ)നമ്മളിൽനിന്ന് ബയ്അത്തു വാങ്ങിയതിനുശേഷം നമ്മുടെ ഒരു നിലവാരം കാണാനാഗ്രഹിക്കുന്നുണ്ട്. ജൽസയുടെ ഉദ്ദേശ്യവും ഇതേ നിലവാരം കരസ്ഥമാക്കുന്നതിനു ശ്രമിക്കുക എന്നതാണ്. അതിനാൽ ഇക്കാര്യം എപ്പോഴും എല്ലാ അഹ്മദികളും മുന്നിൽ വെക്കേണ്ടതാണ്.**

**അഹ്മദിയ്യാ ഖിലാഫത്തുമുഖേന ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മിഷന്റെ സമ്പൂർത്തീകരണത്തിനുള്ള ജോലി നടന്നു വരികയാണ്. ജൽസകളുടെ പരമ്പരയും അതിന്റെ തന്നെ ഒരു കണ്ണിയാണ്.**

**ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദേശങ്ങൾ ഉദ്ധരിച്ച് ജമാഅത്തംഗങ്ങൾ തങ്ങളുടെ ഉള്ളിൽ പരിശുദ്ധമായ ആത്മീയ പരിവർത്തനങ്ങൾ ഉണ്ടാക്കാൻ സുപ്രധാനമായ ഉപദേശങ്ങൾ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**2016 ഒക്ടോബർ 7/1395 ഇഖാ 07**
**ഇന്റർനാഷണൽ സെന്റർ Mississauga(കാനഡ)**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيْكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ۔ اَلرَّحْمٰنِ الرَّحِيْمِ۔ مٰلِكِ يَوْمِ الدِّيْنِ۔
اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ۔ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ۔
صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ۔

ഇന്ന് അല്ലാഹുവിന്റെ കൃപയാൽ കാനഡ അഹ്മദിയ്യാ ജമാഅത്തിന്റെ ജൽസസാലാന ആരംഭിക്കുകയാണ്. ദൈവകൃപയാൽ എല്ലാ വർഷവും ലോകത്തുള്ള ജമാഅത്തുകളെല്ലാം അവരവരുടെ രാജ്യങ്ങളിൽ ജൽസസാലാന സംഘടിപ്പിക്കുന്നു. എന്തിന്? ഹദ്റത്ത് മസീഹ് മൗഊദ്(അ)അല്ലാഹുവിന്റെ കല്പനയാൽ അതു തുടങ്ങിയതുകൊണ്ട്.(ആയിനയെ കമാലാത്തെ ഇസ്ലാം, റൂഹാനീ ഖസായിൻ വാല്യം 5 പേജ് 611)

പറഞ്ഞു: 'വർഷത്തിൽ മൂന്നുദിവസം ഖാദിയാനിൽ സമ്മേളിക്കുക. ഏതെങ്കിലും മേളയിൽ പങ്കെടുക്കുന്നതിനോ വിനോദങ്ങളിൽ ഏർപെടുന്നതിനോ കളിതമാശകൾ ചെയ്യുന്നതിനോ ഭൗതികോദ്ദേശ്യങ്ങൾ കരസ്ഥമാക്കുന്നതിനോ അല്ല. പ്രത്യുത ദീനീപരമായ അറിവുകളിൽ വർധന ഉണ്ടാകുന്നതിനും അറിവുകൾ വിശാലമാകുന്നതിനും മഅ്രിഫത്ത് (അല്ലാഹുവിനെക്കുറിച്ചുള്ള ജ്ഞാനം) അഭിവൃദ്ധിപ്പെടുന്നതിനുമാണ് സംഘടിക്കുന്നത്.'(ആസ്മാനീ ഫയ്സല, റൂഹാനീ ഖസായിൻ വാല്യം 4 പേജ് 351-152)

മഅ്രിഫത്ത് എന്താണ്? ഏതെങ്കിലും വസ്തുവിനെക്കുറിച്ച് അറിവുണ്ടാകുക. അതിന്റെ ആഴത്തെ അറിയുക. ഇതാണ് മഅ്രിഫത്ത്. ഏതു മഅ്രിഫത്തിൽ അഭിവൃദ്ധിപ്പെടുത്തണമെന്നാണ് അവിടന്ന് ആഗ്രഹിച്ചിരുന്നത്? കേവലം ഉപരിപ്ലവമായനിലയിൽ നമ്മൾ മുസ്ലീംകളാണെന്ന് വെളിപ്പെടുന്നവരാകരുതെന്ന് അവിടന്ന് ആഗ്രഹിച്ചിരുന്നു. അല്ലെങ്കിൽ നമ്മൾ കലിമ ലാ ഇലാഹ ഇല്ലല്ലാഹു മുഹമ്മദുർറസൂലുല്ലാഹി പറയുന്നവരാകരുത്. പ്രത്യുത ഇസ്ലാം സ്വീകരിച്ചതിനുശേഷം നമ്മുടെ ഈമാനിൽ അഭിവൃദ്ധിപ്പെടേണ്ടതാണ്. അവിടന്ന് ഇങ്ങനേയും പറഞ്ഞു:"ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ് എന്നു ചൊല്ലുമ്പോൾ അല്ലാഹു എന്താണെന്നും നമ്മളിൽനിന്ന് എന്താണ് ആഗ്രഹിക്കുന്നതെന്നും അന്വേഷിക്കുക. അല്ലാഹുവിനോടുള്ള കടമകളെന്താണ്? അത് നമ്മൾ എങ്ങനെ നിറവേറ്റേണ്ടതാണ്? അല്ലാഹുവിന്റെ കല്പനകളെ എങ്ങനെയാണ് മനസ്സിലാക്കേണ്ടത്? അതനുസരിച്ച് എങ്ങനെയാണ് പണിയെടുക്കേണ്ടത്? നമ്മൾ ഹദ്റത്ത് മുഹമ്മദു റസൂലുല്ലാഹി(സ)യെ അല്ലാഹുവിന്റെ ദൂതനാണെന്ന് വിശ്വസിച്ചിട്ടുള്ളവരാണ്. ഖാത്തമുൽ അമ്പിയാ എന്ന് വിശ്വസിച്ചിട്ടുള്ളവരാണ്. അപ്പോൾ പിന്നെ അവിടത്തെ കല്പനകളും അവിടത്തെ സുന്നത്തുകളും അറിയുകയും അതനുസരിച്ച് കർമങ്ങൾ ചെയ്യാനുള്ള വഴികൾ അന്വേഷിക്കുകയും ചെയ്യേണ്ടതാണ്.'(മൽഫൂദാത്ത് വാല്യം 3 പേജ് 83, 1985 ലണ്ടൻ പതിപ്പ്)

ആ മഹാത്മാവിന്റെ ജീവിതം എന്തായിരുന്നു? അതിന്റെ മഅ്രിഫത്ത് എങ്ങനെയാണ് കരസ്ഥമാകുക? ഇതിന് ഒരു ചോദ്യ കർത്താവിന് ഹദ്റത്ത് ആയിശാ(റ)നല്കിയ മറുപടി എല്ലാ വിശദീകരണത്തിനുംമേൽ വലയം ചെയ്യുന്നതാണ്. അയാൾ നബി(സ)തിരുമേനിയുടെ ജീവിതത്തേയും സ്വഭാവത്തേയും കുറിച്ച് ചോദിച്ചപ്പോൾ ഹദ്റത്ത് ആയിശാ(റ)മറുപടി പറഞ്ഞത് 'താങ്കൾ വിശുദ്ധ ഖുർആൻ ഓതാറില്ലേ?' എന്നായിരുന്നു. അതിനാൽ എന്തൊന്നാണോ വിശുദ്ധ ഖുർആൻ പറയുന്നത് അതുതന്നെയായിരുന്നു നബി(സ)തിരുമേനിയുടെ ജീവിതത്തിന്റേയും കർമത്തിന്റേയും വിശദീകരണം.(മുസനദ് അഹ്മദ് ബിൻ ഹമ്പൽ വാല്യം 8, പേജ് 144-145, മുസനദ് ഹദ്റത്ത് ആയിശ ഹദീഥ് 25108 ആലമുൽകുതുബ് ബേറൂത്ത് 1998)

നബി(സ)തിരുമേനിയെ കുറിച്ചുള്ള ഈ മഅ്രിഫത്ത് കരസ്ഥമാക്കാൻ ഒരു മുഅ്മിൻ ശ്രമിക്കേണ്ടതാണ്. അതിന് വിശുദ്ധ ഖുർആൻ പഠിക്കേണ്ടതും മനസ്സിലാക്കേണ്ടതും അനിവാര്യമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: 'ജൽസയുടെ ഉദ്ദേശ്യം റൂഹാനിയ്യത്ത് അഥവാ ആത്മീയതയിൽ അഭിവൃദ്ധി ഉണ്ടാകുക എന്നതാണ്. മഅ്രിഫത്ത് കരസ്ഥമായിക്കഴിഞ്ഞാൽ കേവലം വൈജ്ഞാനികമായരുചി ആസ്വദിക്കുന്നതിൽ മാത്രം ഈ മഅ്രിഫത്ത് ഒതുങ്ങാൻ പാടില്ല. മറിച്ച് അത് ആത്മീയതയിലും കർമത്തിലും അഭിവൃദ്ധിക്കുള്ള മാർഗമാകേണ്ടതാണ്. ആത്മീയതയിൽ അഭിവൃദ്ധിയില്ലെങ്കിൽ ജൽസയിൽ പങ്കെടുക്കുന്നത് നിഷ്ഫലമാണ്. പിന്നീട് അവിടന്ന് പറഞ്ഞു:'ജൽസയുടെ ഒരു നേട്ടം പരസ്പരമുള്ള പരിചയം വർധിക്കുക എന്നതാണ്. അതിനുവേണ്ടി പങ്കെടുക്കുന്ന ഓരോരുത്തരും ശ്രമിക്കേണ്ടതാണ്. അത് പരിചയപ്പെട്ടു ലൗകികനെപ്പോലെ വെറും താൽക്കാലികമായ ബന്ധമായിരിക്കരുത്. പ്രത്യുത ഓരോ അഹ്മദിയും മറ്റു അഹ്മദികളോടുള്ള സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും ബന്ധത്തിൽ അഭിവൃദ്ധിപ്പെടേണ്ടതാണ്. ഈ ബന്ധം എത്രമാത്രം ഉറച്ചതും ശക്തവുമായിരിക്കണമെന്നാൽ ഒരു കാര്യത്തിനും ഈ ബന്ധത്തിൽ വിള്ളലുണ്ടാക്കാൻ കഴിയരുത്. അതിനെ തകർക്കാൻ കഴിയരുത്.' (ആസ്മാനീ ഫയ്സല, റൂഹാനീ ഖസായിൻ വാല്യം 4 പേജ് 352)

പിന്നീട് അവിടന്ന് പറഞ്ഞു: 'തഖ്വ അഥവാ

ഭക്തിയിൽ അഭിവൃദ്ധിപ്പെടുക.' (ശഹാദത്തുൽ ഖുർആൻ റൂഹാനീ ഖസായിൻ വാള്യം6 പേജ് 394)

ഇത് ജൽസയുടെ ഉദ്ദേശ്യങ്ങളിൽ വളരെ പ്രധാനപ്പെട്ടതാണ്. ഇതുകൂടാതെ ഒരു മുഅ്മിന് യഥാർഥ മുഅ്മിനാകാൻ സാധിക്കുകയില്ല. തഖ്‌വ എന്നുപറയുന്നത് കരസ്ഥമാക്കിയ അറിവിലും കൈവരിച്ച ആത്മീയതയുടെ നിലവാരത്തിലും അല്ലാഹുവിനോടും അവന്റെ റസൂലിനോടും സ്ഥാപിച്ച സ്നേഹബന്ധത്തിലും പരസ്പരബന്ധത്തിൽ ഉണ്ടാക്കിയ മനോഹാരിതയിലും തുടർച്ച ഉണ്ടാക്കുക എന്നതാണ്. അത് പതിവായി ചെയ്യുക. പതിവായി ജീവിതത്തിന്റെ ഭാഗമാക്കുക.

ഇക്കാര്യങ്ങൾക്കുവേണ്ടിയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) ജൽസ സംഘടിപ്പിച്ചത്. പറഞ്ഞു: 'ഓരോ വർഷവും ഈ ഉദ്ദേശ്യത്തിനായി ആളുകൾ ഖാദിയാനിൽ വരിക.' ഹദ്റത്ത് മസീഹ് മൗഊദ്(അ) സ്വയം പങ്കെടുക്കുകയും നേരിട്ട് ജമാഅത്തംഗങ്ങൾക്ക് ഉപദേശം നല്കുകയും ജമാഅത്തംഗങ്ങൾക്ക് ശിക്ഷണം നല്കിക്കൊണ്ടിരിക്കുകയും അവരുടെ ആത്മീയ ദാഹം ശമിപ്പിക്കുകയും ചെയ്തിരുന്ന ആ ജൽസകൾ എത്രമാത്രം അനുഗൃഹീതമായിരിക്കും. ഹദ്റത്ത് മസീഹ് മൗഊദ്(അ)നുശേഷം അക്കാര്യങ്ങൾ അതുപോലെ എന്തായാലും നടക്കുകയില്ല. നബിയുടെ സ്ഥാനം അതിനുവേണ്ടി പ്രത്യേകമാക്കപ്പെട്ടിട്ടുള്ളതാണ്. അല്ലാഹുവിന്റെ വാഗ്ദാനവും നബി(സ)തിരുമേനിയുടെ പ്രവചനങ്ങളുമനുസരിച്ച് അദ്ദേഹം വന്നു. അദ്ദേഹത്തെ നബി(സ)തിരുമേനിയുടെ ദാസത്വത്തിൽ ദീനിന്റെ പുനരുദ്ധാരണത്തിനു വേണ്ടി അയച്ചതാണ്. തീർച്ചയായും അദ്ദേഹം ഒരു സ്ഥാനം ഉൾക്കൊണ്ടിരുന്നു. പക്ഷേ, ഇതും അല്ലാഹുവിന്റെ കൃപാവരമാണ്; അല്ലാഹുവിന്റെ അറിയിപ്പനുസരിച്ച് അവിടന്ന് പറഞ്ഞതുപോലെ അദ്ദേഹത്തിനുശേഷം രണ്ടാം ശക്തിപ്രഭാവത്തിന്റെ വ്യവസ്ഥിതി തുടങ്ങി. അത് ഖിലാഫത്ത് വ്യവസ്ഥിതിയാണ്. അഹ്മദിയ്യാ ഖിലാഫത്തുമുഖേന ആ മഹാത്മാവിന്റെ മിഷന്റെ സമ്പൂർത്തീകരണ ജോലി നടന്നുവരുന്നു. ജൽസകളുടെ പരമ്പരയും അതിന്റെതന്നെ ഒരു കണ്ണിയാണ്. ഖാദിയാനിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വേർപാടിനുശേഷം ഖിലാഫത്ത് വ്യവസ്ഥിതി തുടങ്ങിയപ്പോൾ ഖിലാഫത്തിന്റെ സാന്നിദ്ധ്യത്തിൽ ഏകദേശം 40 വർഷംവരെ ജൽസ സംഘടിപ്പിച്ചുകൊണ്ടിരുന്നു. പിന്നീട് ഖിലാഫത്ത് പാക്കിസ്താൻ ഹിജ്റത്തിനുശേഷം റബ്‌വയിൽ ജൽസ സംഘടിപ്പിച്ചുകൊണ്ടിരുന്നു. അതിനോടൊപ്പം ജമാഅത്ത് ഓരോ രാജ്യങ്ങളിലും വ്യാപിക്കാൻതുടങ്ങി. അതായത് വിദേശ മിഷനുകൾ ഖാദിയാനിൽനിന്ന് ഹിജ്റത്തിനുമുമ്പേതന്നെ സ്ഥാപിതമാകാൻ തുടങ്ങിയിരുന്നു. പ്രത്യേകിച്ചും ആഫ്രിക്കയിൽ വലിയ ശക്തമായ ജമാഅത്തുകൾ സ്ഥാപിതമാകാൻ തുടങ്ങി. പക്ഷേ, കൂടുതൽ ശക്തിയും വിശാലതയും ഓരോ ദിവസത്തിലും മാസത്തിലും വർഷത്തിലും പാക്കിസ്താനു വെളിയിലുള്ള ജമാഅത്തുകളിൽ ഉണ്ടായിക്കൊണ്ടിരുന്നു. എത്രത്തോളമെന്നാൽ ശത്രുക്കൾ ഈ അഭിവൃദ്ധി കണ്ടിട്ട് അഹ്മദികൾക്കെതിരിൽ അങ്ങേയറ്റം അക്രമപരമായ നിയമം സർക്കാർ മുഖേന നടപ്പിൽ കൊണ്ടുവന്നു. ഇക്കാരണത്താൽ കാലത്തിന്റെ ഖലീഫയ്ക്ക് അവിടെനിന്ന് ഹിജ്റത്ത് ചെയ്യേണ്ടിവന്നു. അതിനോടൊപ്പം വലിയൊരു വിഭാഗം അഹ്മദികളും ഹിജ്റത്ത് ചെയ്തു. ഖലീഫത്തുൽ മസീഹ് റാബിഅ് ലണ്ടനിൽ ഹിജ്റത്ത് ചെയ്തു വന്നതിനുശേഷം ലണ്ടനിലെ ജൽസകൾ ഒരു പുതിയ വഴിത്തിരിവാകുകയും വിശാലത കൈവരിക്കുകയും ചെയ്തതിനോടൊപ്പം മറ്റു രാജ്യങ്ങളിലും ജൽസകളിൽ ഒരു പുതിയ വർണമുണ്ടായി. പിന്നീടിതിൽ നിത്യേന അഭിവൃദ്ധി ഉണ്ടായിക്കൊണ്ടിരുന്നു. ഇന്ന് എല്ലായിടത്തും ജൽസകളുടെ ഒരു പുതിയ വർണമാണുള്ളത്. അഹ്മദികളുടെ വലിയൊരു വിഭാഗം ഇപ്പോൾ ഖാദിയാനിൽ ജൽസയിൽ പങ്കെടുക്കാൻ പോകുക എന്നത് സംഭാവ്യമല്ല. എവിടെയാണോ ഖലീഫയുടെ സാന്നിദ്ധ്യമുള്ളത് അവിടെ അഹ്മദികൾ വൻതോതിൽ പങ്കെടുക്കുക എന്നതും സംഭാവ്യമല്ല. ലോകത്ത് ജമാഅത്ത് വ്യാപിച്ചുകൊണ്ടിരിക്കുന്നതിനും അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നതിനുമനുസരിച്ച് ജമാഅത്തുള്ള എല്ലാ രാജ്യങ്ങളിലും ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ കാലഘട്ടത്തിൽ ഉണ്ടായിരുന്നതുപോലെ ഈ രീതിയിൽ ജൽസ സംഘടിപ്പിക്കേണ്ടത് അനിവാര്യമായിരുന്നു. വർഷത്തിൽ കുറഞ്ഞത് ഒരു പ്രാവശ്യം നമ്മുടെ അവസ്ഥകളിൽ പരിവർത്തനമുണ്ടാക്കുന്നതിനുവേണ്ടി, ശിക്ഷണപരമായ ഉദ്ദേശ്യത്തിന് സംഘടിക്കാൻ അവിടന്ന് പറഞ്ഞിരുന്നു.

അതിനാൽ നിങ്ങളും ഇന്നിവിടെ സംഘടിച്ചിരിക്കുന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ) വിവരിച്ച ഉദ്ദേശ്യങ്ങൾ പൂർത്തിയാക്കുന്നതിനാണ്. എല്ലാ വർഷവും നിങ്ങൾ ഈ ഉദ്ദേശ്യത്തിനായി സംഘടിക്കുന്നു. ഈ വർഷം പ്രത്യേകമായ നിലയിൽ നിങ്ങൾ ഇവിടെ സംഘടിച്ചിട്ടുള്ളത് ജമാഅത്ത് രൂപീകരിച്ചിട്ട് 50 വർഷം പൂർത്തിയായതുകൊണ്ടാണ്. ചിലർക്കു ഇതിനോടു വിയോജിപ്പുമുണ്ടാകാം. പക്ഷേ. ഏതെങ്കിലമൊക്കെ മാനദണ്ഡം നിശ്ചയിക്കേണ്ടിവരുന്നു. ജമാഅത്തിന്റെ റജിസ്ട്രേഷൻ നടന്നതുമുതൽ ഈ കണക്ക് നിർണയിച്ച് 50 വർഷം എണ്ണിത്തിട്ടപ്പെടുത്തുന്നു. ഇല്ലെങ്കിൽ ആദ്യ അഹ്മദി എന്നു പറയപ്പെടുന്ന വ്യക്തി ഇവിടെ വന്നത് 1919 ലാണെന്ന് തോന്നുന്നു. എന്തായാലും ജമാഅത്ത് ഈ വർഷം ഈ രാജ്യത്ത് ജമാഅത്ത് രൂപീകരിച്ചതിന്റെ 50-ാം വർഷമാണ് ആഘോഷിക്കുന്നത്. ഇക്കാരണത്താൽ അമീർ സാഹിബ് കാനഡ ജമാഅത്ത് ഈ വർഷം 50-ാം വർഷം ഉദ്ധരിച്ച് വിവിധ പരിപാടികൾ സംഘടിപ്പിച്ചുകൊണ്ടിരിക്കുകയാണെന്നും ഈ ജൽസ ഇതിന്റെ അടിസ്ഥാനത്തിൽ വലുതാകുമെന്നു പ്രതീക്ഷിക്കുന്നുവെന്നും പറഞ്ഞ് പ്രത്യേകമായ നിലയിൽ സമ്മർദം ചെലുത്തി എന്നേയും വിളിച്ചിരിക്കുകയാണ്. ഞാൻ പറഞ്ഞതുപോലെ കാലത്തിന്റെ ഖലീഫയുടെ സാന്നിദ്ധ്യമുണ്ടാകുമ്പോൾ ആളുകൾ കൂടുതൽ വരുന്നു. ഈ വർഷം ഞാൻ വന്ന കാരണത്താൽ വിദേശ രാജ്യങ്ങളിൽനിന്നും ഒരുപാടാളുകൾ വന്നിട്ടുണ്ടാകും. വന്നുകൊണ്ടിരിക്കുന്നുണ്ടാകും.

എന്തായാലും ഈ വർഷത്തിന് നിങ്ങൾ, ഇവിടെ വസിക്കുന്ന അഹ്മദി പ്രത്യേക പ്രാധാന്യം നല്കിക്കൊണ്ടിരിക്കുന്നു. പക്ഷേ, തങ്ങൾ അഹ്മദിയായതിനുശേഷം ഹദ്റത്ത് മസീഹ് മൗഊദ്(അ) നോടു ചെയ്തിട്ടുള്ള ബയ്അത്ത് പ്രതിജ്ഞ പൂർത്തിയാക്കുന്നതിന് ശ്രമിക്കുമ്പോഴാണ് ഇതിനു പ്രാധാന്യമുണ്ടാകുന്നതെന്ന കാര്യം കാനഡയിൽ വസിക്കുന്ന എല്ലാ അഹ്മദികളും ഓർക്കേണ്ടതാണ്. നമ്മളിൽ നിന്ന് എന്തൊന്നാണോ അവിടന്ന് പ്രതീക്ഷിക്കുന്നത് അതിലേക്ക് പൂർണമായും നമ്മൾ ഇറങ്ങണം. ഇല്ലെങ്കിൽ 50 വർഷമായാലും ഇനി അതിനെക്കാൾ കൂടുതലായാലും എന്തു വ്യത്യാസമുണ്ടാകാനാണ്?

ഞാൻ പറഞ്ഞതുപോലെ പാക്കിസ്താനിലെ അവസ്ഥകൾ കാരണത്താൽ ധാരാളം അഹ്മദികളും പാക്കിസ്താനിൽനിന്ന് ഹിജ്റത്ത് ചെയ്ത് മറ്റു രാജ്യങ്ങളിൽ പോയി. നിങ്ങളിൽ ഭൂരിഭാഗവും ഈ ഹിജ്റത്തിന്റെ ഫലമായി ഇവിടെ വന്നതാണ്. നിങ്ങൾ മതസ്വാതന്ത്ര്യം കരസ്ഥമാക്കുന്നതിനു വേണ്ടിയാണ് ഹിജ്റത്ത് ചെയ്തിട്ടുള്ളത്. നിങ്ങൾ സ്വതന്ത്രമായി നിങ്ങളുടെ മതാധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കുന്നതിനുവേണ്ടിയാണ് ഇവിടെ ഭരണകൂടം നിങ്ങൾക്ക് പൗരത്വം നല്കിയിരിക്കുന്നത്. അതിനാൽ 'ഞാൻ ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കു'മെന്ന്(മൽഫൂദാത്ത് വാള്യം 2 പേജ് 70 1985 ലണ്ടൻ പതിപ്പ്) ചെയ്തിട്ടുള്ള പ്രതിജ്ഞയ്ക്കുപുറമെ ഏതൊരു ഉദ്ദേശ്യത്തിനാണോ ഹിജ്റത്ത് ചെയ്തത് അത് കരസ്ഥമാക്കുന്നതിനുവേണ്ടി ശ്രമിക്കുക എന്നത് ഇവിടത്തെ എല്ലാ അഹ്മദികളുടേയും വളരെ വലിയൊരു ഉത്തരവാദിത്വമാണ്. നമ്മൾ ഇത്തരം പരിതഃസ്ഥിതിയിലാണ് പാക്കിസ്താനിൽനിന്ന് വന്നതെന്നും നമ്മൾ അല്ലാഹുവിനോടു യഥാർഥ നന്ദിയുള്ള ദാസരായിക്കൊണ്ട് അവന്റെ കല്പനകളനുസരിക്കുന്നവരാകാൻ നമുക്കുണ്ടായിട്ടുള്ള ഈ നല്ല അവസ്ഥ നമ്മളോടു ആവശ്യപ്പെടുന്നുവെന്നും നമ്മുടെ മക്കളോടു പറയുക. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്ത നേരത്ത് നമ്മൾ ചെയ്ത പ്രതിജ്ഞയും പൂർത്തിയാക്കേണ്ടതാണ്. ഞാൻ വിശുദ്ധ ഖുർആനിന്റെ ഭരണത്തെ പൂർണമായും എന്റേമേൽ നടപ്പിൽ വരുത്തുമെന്നുള്ളത് അതിലൊന്നാണ്.'(ഇസാലയെ ഔഹാം, റൂഹാനീ ഖസായിൻ വാള്യം 3 പേജ് 564)

ഇക്കാലഘട്ടത്തിൽ കല്പനകളുടെ ഈ എല്ലാ കാര്യങ്ങളും ഏതൊരു മൊത്തമായ രീതിയിലാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മുടെ മുമ്പിൽ വെച്ചിട്ടുള്ളത് അവ നോക്കിക്കാണേണ്ട ആവശ്യമുണ്ട്. കാരണം ഹദ്റത്ത് മസീഹ് മൗഊദ്(അ)നെക്കാൾ ഉത്തമമായി അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും വചനങ്ങളേയും കാര്യങ്ങളേയും ആർക്കും മനസ്സിലാക്കാൻ സാധിക്കുകയില്ല. അവിടന്ന് ഏതൊരു രീതിയിലാണോ മാർഗദർശനം നല്കിയത് അതു സ്വീകരിച്ചുകൊണ്ടേണ്ട് മതപരമായ കല്പനകളിലും അല്ലാഹുവിന്റെ ഗ്രന്ഥത്തിലും കൂടുതൽ ചിന്തിച്ച് നമ്മുടെ ബുദ്ധിയെ തെളിമയാർന്നതാക്കാനും നമ്മുടെ വിശ്വാസങ്ങളെ പ്രബലപ്പെടുത്താനും നമുക്ക് സാധിക്കുന്നതാണ്. ഇതുസംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ)നമുക്ക് അസംഖ്യം ഉപദേശങ്ങൾ നല്കിയിട്ടുണ്ട്. അവയെല്ലാം അറിവിലും കർമത്തിലും ശക്തരാകാൻ അത്യാവശ്യമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നമ്മളിൽനിന്ന് ബയ്അത്തു വാങ്ങിയതിനുശേഷം നമ്മുടെ ഒരു നിലവാരം കാണാനാഗ്രഹിക്കുന്നുണ്ട്. ജൽസയുടെ ഉദ്ദേശ്യവും ഇതേ നിലവാരം കരസ്ഥമാക്കുന്നതിനു ശ്രമിക്കുക എന്നതാണ്. അതിനാൽ ഇക്കാര്യം എപ്പോഴും എല്ലാ അഹ്മദികളും മുന്നിൽ വെക്കേണ്ടതാണ്. ഈ നേരത്ത് ചിലയാളുകൾ ജൽസ

## ഇർശാദുന്നബ്‌വി(സ)

നബി(സ)തിരുമേനി പറഞ്ഞു: "ആദമിന്റെ സൃഷ്ടിപ്പ് ഘട്ടങ്ങൾ നടന്നുകൊണ്ടിരിക്കുന്ന സമയം മുതൽത്തന്നെ ഞാൻ അല്ലാഹുവിന്റെ അടുത്ത് ലൗഹെ മഹ്ഫൂളിൽ ഖാത്തമുന്നബിയ്യീൻ എന്ന് നിശ്ചയിക്കപ്പെട്ടിരുന്നു."

(മുസനദ് അഹ്മദ്)

**ത്വാലിബെ ദുആ:**
**പി.പി.ഹസ്സൻ കോയ, മഞ്ചേരി**

## ഇർശാദുന്നബ്‌വി(സ)

നബി(സ)തിരുമേനി പറഞ്ഞു: "ജനങ്ങളുടെ അന്തിമഫലം അവരുടെ മനോഭാവമനുസരിച്ചായിരിക്കും."(അതായത് അവരവരുടെ നിയ്യത്തനുസരിച്ച് പ്രതിഫലം പ്രാപിക്കുന്നതായിരിക്കും).

(ഇബ്നുമാജഃ)

**ത്വാലിബെ ദുആ:**
**പി.യൂസുഫ് & കുടുംബാംഗങ്ങൾ**
**മാത്തോട്ടം**

## ഇർശാദുന്നബ്‌വി(സ)

നബി(സ)തിരുമേനി പറഞ്ഞു: "യോഗ്യവും ഗൗരവവുമുള്ള ഏതു ജോലിയും അല്ലാഹുവിനെ സ്തുതിക്കാതെയും പ്രകീർത്തിക്കാതെയും തുടങ്ങുകയാണെങ്കിൽ അത് അനുഗ്രഹരഹിതവും ന്യൂനതയുള്ളതുമായിരിക്കും."

(ഇബ്നുമാജഃ)

**ത്വാലിബെ ദുആ:**
**ആശിഖ് അഹ്മദ്, കണ്ണൂർ സിറ്റി**

യിൽ പങ്കെടുക്കാൻ വന്നിട്ടുണ്ടാകും പക്ഷേ, പൂർണമായ ശ്രദ്ധയോടെ ജൽസ കേൾക്കുന്നുണ്ടാവില്ല. ചിലർ യാത്രകൊണ്ട് ക്ഷീണിതരായിരിക്കും. മയക്കവും വരുന്നുണ്ടാകാം. അവരോടെല്ലാം ഞാൻ പറയുകയാണ്. ഞാൻ പറഞ്ഞു തുടങ്ങിയിട്ടുള്ള ഇക്കാര്യങ്ങൾ അത് ശ്രദ്ധിച്ച് കേൾക്കുക. ഈ നേരത്ത് ശ്രദ്ധയോടുകൂടി സുബോധത്തോടെ ഇരിക്കാൻ ശ്രമിക്കുക. അരമണിക്കൂറോ നാല്പതുമിനിട്ടോ മനുഷ്യന് സഹിക്കാൻ പറ്റാത്ത കാര്യമൊന്നുമല്ല. ജൽസയിൽ വന്നിട്ടുള്ള ഉദ്ദേശ്യം പൂർത്തിയാകുന്നത് ഞാൻ പറഞ്ഞുകൊണ്ടിരിക്കുന്ന ഇക്കാര്യങ്ങളും കേൾക്കുമ്പോഴാണ്. മറ്റു പ്രസംഗകർ തങ്ങളുടെ പ്രസംഗങ്ങളിൽ വിവരിക്കുന്ന എല്ലാ കാര്യങ്ങളും ശ്രദ്ധയോടെ കേൾക്കുകയും അതനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുകയും ചെയ്യുക. ഈമാനെ വർധിപ്പിക്കുന്നതും ആത്മീയതയിൽ അഭിവൃദ്ധി നല്കുന്നതുമായ ഒരുപാടു കാര്യങ്ങളുണ്ടാകും. കേവലം മുദ്രാവാക്യം വിളിച്ച് അതിൽനിന്ന് താൽക്കാലികമായ ആനന്ദം കൊള്ളാതെ അതിനെ നിങ്ങളുടെ ജീവിതത്തിന്റെ ഭാഗമാക്കുക.

ഞാൻ പറഞ്ഞതുപോലെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകൾ നേരിട്ട് ചെവിയിൽ പതിയാനും മനസ്സിലും ബുദ്ധിയിലും ഇറങ്ങിച്ചെല്ലാനും ആ മഹാത്മാവ് ആഗ്രഹിച്ച ആത്മീയമായ പരിവർത്തനമുണ്ടാകാനും അദ്ദേഹത്തിന്റെ തന്നെ വാക്കുകളിൽ ചില കാര്യങ്ങൾ ഞാൻ വിവരിക്കുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരിടത്തു പറയുന്നു:

'നിങ്ങൾ ഈ ബയ്അത്തിനെ മാത്രം ആശ്രയിച്ചു നിലക്കരുതെന്ന് ഞാൻ പല പ്രാവശ്യവും എന്റെ ജമാഅത്തിനോടു പറഞ്ഞിട്ടുള്ളതാണ്. അതിന്റെ യാഥാർഥ്യത്തിലേക്ക് എത്താത്തിടത്തോളം മോക്ഷമില്ല.' പറയുന്നു: 'തൊലികൊണ്ട് സംതൃപ്തിയടയുന്നവൻ കാമ്പിൽനിന്ന് പിന്തള്ളപ്പെടുന്നു.' അതായത് നിങ്ങൾക്ക് വെറും പഴത്തിന്റെ തൊലി കിട്ടി അല്ലെങ്കിൽ പുറന്തോടു കിട്ടി എന്നതിൽമാത്രം സന്തോഷിക്കരുത്. ഇത് പാഴ്‌വസ്തുക്കളാണ്. അങ്ങനെയായാൽ യഥാർഥ പഴത്തിൽനിന്ന് നിങ്ങൾ പിന്തള്ളപ്പെട്ടുപോകുന്നതാണ്. തൊലിയല്ലാതെ പഴം കരസ്ഥമാക്കാൻ ശ്രമിക്കുന്നവനാണ് ബുദ്ധിമാൻ.' പിന്നീട് അവിടന്ന് പറഞ്ഞു:'ശിഷ്യൻ സ്വയം കർമം ചെയ്യുന്നവനല്ലെങ്കിൽ ഗുരുവിന്റെ മാഹാത്മ്യം അവന് ഒരു പ്രയോജനവും ചെയ്യുകയില്ല.' അതായത് ബയ്അത്ത് ചെയ്ത് വരികയും കർമപരമായ അവസ്ഥ നന്നാക്കാതെ താൻ ആരെയാണോ വിശ്വസിച്ചത് അയാൾ അല്ലാഹുവിന്റെ ദൂതനാണെന്ന കാര്യത്തിൽ മാത്രം വിശ്വസിച്ച് സന്തോഷിക്കുക. അല്ലാഹുവിന്റെ ദൂതന്റെ മാഹാത്മ്യം അതിന്റെ സ്ഥാനത്ത് ശരിതന്നെയാണ്. പക്ഷേ, വിശ്വസിക്കുന്നവർക്ക് ആ മാഹാത്മ്യം പ്രയോജനപ്പെടുന്നത് അവന്റെ കർമവും ആ മാഹാത്മ്യത്തോടു സാദൃശ്യപ്പെടുമ്പോഴും അദ്ദേഹം പറയുന്നതനുസരിച്ച് ആയിരിക്കുമ്പോഴുമാണ്. അവിടന്ന് പറഞ്ഞു: 'വൈദ്യൻ ആർക്കെങ്കിലും മരുന്ന് കൊടുക്കുകയും അയാൾ അതുകൊണ്ടുപോയി എടുത്തുവെക്കുകയും ചെയ്താൽ അയാൾക്കൊരിക്കലും അത് പ്രയോജനപ്പെടുകയില്ല. കാരണം പ്രയോജനം അതിൽ എഴുതിയിരിക്കുന്ന കർമത്തിന്റെ ഫലമാണ്. എഴുതിക്കൊടുത്ത കുറിപ്പടി അനുസരിച്ച് മരുന്നുണ്ടാക്കുക. അല്ലെങ്കിൽ ആ മരുന്ന് വാങ്ങുക, ഉപയോഗിക്കുക. അപ്പോഴാണ് ഫലമുണ്ടാകുന്നത്.' പറഞ്ഞു, 'അതുമുഖേന അവൻ സ്വയം പിന്തള്ളപ്പെട്ടിരിക്കുന്നു. അതായത് സ്വയം മരുന്നുവാങ്ങി. പക്ഷേ, സ്വയം പ്രവർത്തിക്കാതെ, അതു ഉപയോഗിക്കാതെ നിഷിദ്ധമാക്കി.' പറഞ്ഞു, 'കശ്തിയെ നൂഹ് ആവർത്തിച്ചാവർത്തിച്ച് വായിക്കുക. അതനുസരിച്ച് തങ്ങളെയാക്കിത്തീർക്കുക.' പിന്നീട് അവിടന്ന് പറയുന്നു: 'ഖദ് അഫ്‌ലഹ മൻ സക്കാഹാ തഖ്‌വായെ അഭിവൃദ്ധിപ്പെടുത്തിയവൻ തീർച്ചയായും വിജയിച്ചു.' പറഞ്ഞു:'ആയിരക്കണക്കിന് കള്ളന്മാരും, വ്യഭിചാരികളും, ദുർന്നടപ്പുകാരും, മദ്യപാനികളും, ദുഷ്ടന്മാരും നബി(സ)തിരുമേനിയുടെ ഉമ്മത്തിയാണെന്ന് വാദിക്കുന്നു. എന്നാൽ, അവർ യഥാർഥത്തിൽ അത്തരക്കാരാണോ? ഒരിക്കലുമല്ല. ഉമ്മത്തീ എന്നു പറയുന്നത് നബി(സ) തിരുമേനിയുടെ അധ്യാപനങ്ങളനുസരിച്ച് പൂർണമായും നിലകൊള്ളുന്നവരാണ്.'(മൽഫൂദാത്ത് വാള്യം4 പേജ് 232-233, 1985 ലണ്ടൻ പതിപ്പ്)

ഒരു അവസരത്തിൽ ബയ്അത്തിന്റെ നിലവാരത്തെ കുറിച്ച് കൂടുതൽ വിശദമായി പറഞ്ഞു: 'ഇപ്രകാരംതന്നെ ആരാണോ ബയ്അത്തിന്റേയും ഈമാനിന്റേയും വാദമുന്നയിക്കുന്നത് അയാൾ താൻ പുറന്തോടാണോ കാമ്പാണോ എന്ന് ആത്മപരിശോധന നടത്തേണ്ടതാണ്. കാമ്പുണ്ടാകാത്തിടത്തോളം ഈമാൻ, സ്നേഹം, അനുസരണം, ബയ്അത്ത്, വിശ്വാസാദർശം, ശിഷ്യത്വം, ഇസ്ലാമിന്റെ വാദമുന്നയിക്കുകയൊന്നും സത്യമായിരിക്കുകയില്ല. അല്ലാഹുവിന്റെ തിരുസന്നിധിയിൽ കാമ്പിനല്ലാതെ പുറന്തോടിന് ഒരു വിലയുമില്ലെന്നത് സത്യമായ കാര്യമാണ്. നല്ലവണ്ണം ഓർത്തുകൊള്ളുക! മരണമെപ്പോഴാണ് വരുന്നതെന്ന് അറിയുകയില്ല. പക്ഷേ, മരണമുണ്ടെന്നത് തീർച്ചയായ കാര്യമാണ്. അതുകൊണ്ട് കേവലം വാദത്തിൽ തൃപ്തിപ്പെടാതിരിക്കുക. സന്തോഷിക്കാതിരിക്കുക. അത് ഒരിക്കലുമൊരിക്കലും ഫലംനല്കുന്ന വസ്തുവല്ല. മനുഷ്യൻ തന്നിൽ ഒരുപാടു മരണങ്ങൾ വരിക്കുകയും, ഒരുപാട് മാറ്റങ്ങൾ വരുത്തുകയും വിപ്ലവങ്ങളിലൂടെ കടന്ന് പുറത്തു വരുകയും ചെയ്യാത്തിടത്തോളം അവൻ മാനുഷികഗുണങ്ങളുടെ യഥാർഥ ഉദ്ദേശ്യം പ്രാപിക്കുകയില്ല.'(മൽഫൂദാത്ത് വാള്യം 2 പേജ് 167, 1985 ലണ്ടൻ പതിപ്പ്)

ഈ മരണങ്ങളെന്താണ്? ഇത് ദീനിനെ ദുൻയാവിന്റെമേൽ മുന്തിക്കുക എന്നതാണ്. ദുൻയാവിന്റെ കണ്ണഞ്ചിപ്പിക്കുന്ന അവസ്ഥ മുമ്പിലുണ്ട്. ഓരോ ചുവടിലും ഇവിടെ പ്രത്യേകിച്ചും ഈ രാജ്യങ്ങളിൽ അല്ലാഹുവിന്റെ വഴിയിൽനിന്ന് മാറ്റാനുള്ള ശ്രമങ്ങളിൽ ഭൗതികമായ സജ്ജീകരണങ്ങൾ ചെയ്യപ്പെട്ടിരിക്കുന്നു. അതിൽനിന്ന് രക്ഷപ്പെടേണ്ടതാണ്. പിന്നീടു പറയുന്നു:

'ഇപ്പോൾ ലോകത്തിന്റെ അവസ്ഥ നോക്കുക. നമ്മുടെ നബി(സ)തിരുമേനി തന്റെ കർമംകൊണ്ട് തന്റെ മരണവും ജീവിതവുമെല്ലാം അല്ലാഹുവിനുള്ളതാണെന്ന് കാണിച്ചു. ഇപ്പോൾ ലോകത്ത് മുസ്ലീംകളുണ്ട്. ആരോടെങ്കിലും നീ മുസൽമാനാണോ എന്നു ചോദിച്ചാൽ 'അൽഹംദുലില്ലാഹ്' എന്നു പറയും. കലിമചൊല്ലുന്നവന്റെ ജീവിതം അല്ലാഹുവിനുവേണ്ടിയുള്ളതായിരുന്നു. എന്നാൽ, ഇവർ ചക്രശ്വാസംവരെ-അവസാന ശ്വാസം പുറപ്പെട്ടുപോകുംവരെ ദുൻയാവിനുവേണ്ടി ജീവിക്കുകയും ദുൻയാവിനുവേണ്ടി മരിക്കുകയും ചെയ്യുന്നു.' പറയുന്നു:'സന്തോഷിക്കുക ബുദ്ധിമാന്മാരുടെ പണിയല്ല. ഏതോ യഹൂദിയോടു ഒരു മുസ്‌ലിം നീ മുസ്‌ലിമാകുക എന്നു പറഞ്ഞു. അയാൾ പറഞ്ഞു: 'നീ വെറും മുസ്‌ലിം എന്ന നാമത്തിൽ സന്തോഷിക്കരുത്.' യഹൂദി അയാളോടു പറഞ്ഞു:'ഞാനെന്റെ മകന് ഖാലിദ്(നിത്യവാസി) എന്ന് പേരിട്ടു. വൈകുന്നേരത്തിനുമുമ്പേ ഖബ്റടക്കിവന്നു. ഖാലിദ് എന്ന് പേരു വെച്ചതുകൊണ്ട് അമരത്വം കിട്ടിയില്ല. അവന്റെ ആയുസ്സ് ദീർഘിച്ചില്ല. പറയുന്നു: 'വൈകുന്നേരം ആ പാവംകുട്ടി വഫാത്തായി. ഞാൻ ഖബ്റടക്കി വന്നു.'

പറയുന്നു: 'യാഥാർഥ്യത്തെ അന്വേഷിക്കുക. വെറും പേരുകളിൽ തൃപ്തിപ്പെടരുത്. മനുഷ്യൻ മഹാനായ പ്രവാചകന്റെ ഉമ്മത്തി എന്നു പറഞ്ഞിട്ട് അവിശ്വാസികളുടെ ജീവിതം നയിക്കുന്നത് എത്രമാത്രം ലജ്ജാകരമായ കാര്യമാണ്. നിങ്ങൾ നിങ്ങളുടെ ജീവിതത്തിൽ മുഹമ്മദു റസൂലുല്ലാഹി സല്ലല്ലാഹു അലയ്ഹിവ സല്ലമിന്റെ മാതൃകകാണിക്കുകയും അതേ അവസ്ഥ ഉണ്ടാക്കുകയും ചെയ്യുക.'(മൽഫൂദാത്ത് വാള്യം 2 പേജ് 187, 1985 ലണ്ടൻ പതിപ്പ്)

ഒരിക്കൽ കുറച്ചാളുകൾ ആ മഹാത്മാവിന്റെ സന്നിധിയിൽ ഹാജരായി. പിന്നീട് ബയ്അത്തും ചെയ്തു. ബയ്അത്തിനുശേഷം ഹദ്റത്ത് മസീഹ് മൗഊദ്(അ)അവരെ കുറച്ച് ഉപദേശിച്ചു. അവിടന്ന് പറഞ്ഞു:'മനുഷ്യൻ ബയ്അത്ത് ചെയ്തിട്ട് ഈ ജമാഅത്ത് സത്യമാണെന്നും ഇത്രമാത്രം വിശ്വാസംകൊണ്ട് തനിക്ക് ബർക്കത്തുണ്ടാകുമെന്നും വിശ്വസിച്ചാൽപോര.' പറഞ്ഞു: 'നല്ലവരാകുക. മുത്തഖികളാകുക. ഈ സമയം ദുആകളിൽ കഴിച്ചുകൂട്ടുക.' പിന്നീട് അവിടന്ന് കൂടുതൽ ഉപദേശിച്ചു: 'വിശുദ്ധ ഖുർആനിൽ അല്ലാഹു വിശ്വാസത്തിനോടൊപ്പം സൽക്കർമവും വെച്ചിട്ടുണ്ട്. ഏതൊന്നിൽ ലവലേശം കുഴപ്പമില്ലയോ അതിനാണ് സൽക്കർമം എന്നു പറയുന്നത്. മനുഷ്യന്റെ കർമങ്ങളിൽ എപ്പോഴും കള്ളൻ കടന്നുകൊണ്ടിരിക്കുമെന്ന് ഓർക്കുക. അതെന്താണ്? പ്രദർശനപരത. മറ്റുള്ളവരെ കാണിക്കാൻവേണ്ടി മനുഷ്യൻ ഒരു പ്രവൃത്തി ചെയ്തുകൊണ്ട് താൻ വലിയ സൽക്കർമം ചെയ്തിരിക്കുന്നു എന്ന് കരുതി അതിൽ സന്തോഷം കൊള്ളുന്നു. അവനിൽനിന്നുണ്ടാകുന്ന പലരീതിയിലുള്ള ദുഷ്കർമങ്ങളും പാപങ്ങളുംകൊണ്ട് കർമങ്ങൾ പാഴായിപ്പോകുന്നു. അക്രമം, അഹങ്കാരം, പ്രദർശനപരത, അഹന്ത, അവകാശ ധ്വംസനത്തിന്റെ ചിന്ത തുടങ്ങിയവയുടെ വിചാരംപോലും ഉണ്ടാകാതിരിക്കുന്നതാണ് അമലെ സ്വാലിഹ അഥവാ സൽക്കർമം.' പറഞ്ഞു:'പരലോകത്ത് മനുഷ്യൻ സൽക്കർമം മുഖേന രക്ഷപെടുന്നതുപോലെ ഇഹലോക ത്തും രക്ഷപ്പെടുന്നു. മൊത്തം വീട്ടിലുള്ളവരിൽ ഒരാളെങ്കിലും സൽക്കർമം അനുഷ്ഠിക്കുന്നവനായിട്ടുണ്ടെങ്കിൽ വീട്ടിലുള്ളവരെല്ലാം രക്ഷപ്പെട്ടിരിക്കുന്നു. നിങ്ങളിൽ സൽക്കർമം ഉണ്ടാകാത്തിടത്തോളം കേവലം വിശ്വസിക്കുക എന്നത് ഫലം ചെയ്യുകയില്ല. ഒരു വൈദ്യൻ കുറിപ്പടി എഴുതിക്കൊടുക്കുന്നു. അതുകൊണ്ടുള്ള ഉദ്ദേശ്യം എന്തൊന്നാണോ അതിലെഴുതിയിട്ടുള്ളത് അതു വാങ്ങി കഴിക്കുക എന്നാണ്. അയാൾ ആ മരുന്നു സേവിക്കുന്നില്ലെങ്കിൽ, കുറിപ്പടി വാങ്ങി വെക്കുകയാണെങ്കിൽ അവനെന്ത് ഫലമുണ്ടാകാനാണ്?' പ

## ഇർശാദുന്നബ്‌വി(സ)

നബി(സ)തിരുമേനി പറഞ്ഞു:
"ബിസ്മില്ലാഹിർറഹ്മാനിർറഹീം കൂടാതെ തുടങ്ങുന്ന എല്ലാ പ്രവൃത്തിയും ന്യൂനതയുള്ളതും അനുഗ്രഹമില്ലാത്തതുമായിരിക്കും."
(അൽജാമിഉസ്സ്വഗീർ)

**ത്വാലിബെ ദുആ:**
**എം.എ.മുഹമ്മദ് കോഴിക്കോട്**

## ഇർശാദുന്നബ്‌വി(സ)

ഹദ്റത്ത് ആയിശ(റ)പറഞ്ഞു:
"നബി(സ) തിരുമേനിയുടെ സ്വഭാവങ്ങളും ആചാരങ്ങളും വിശുദ്ധ ഖുർആൻ അനുസരിച്ചായിരുന്നു."
(മുസ്നദ് അഹ്മദ്)

**ത്വാലിബെ ദുആ:**
**അബ്ദുസ്സമദ് , പഴയങ്ങാടി**

## ഇർശാദുന്നബ്‌വി(സ)

നബി(സ)തിരുമേനി പറഞ്ഞു:
"അല്ലയോ ജനങ്ങളേ! സലാം വ്യാപിപ്പിക്കുക. വിശക്കുന്നവന് ഭക്ഷണം നല്കുക. ചാർച്ചയെ ചേർത്തു വെക്കുക. ആളുകൾ നിദ്രയിലായിരിക്കുമ്പോൾ നമസ്കരിക്കുക." (സുനൻദാരിമീ)

**ത്വാലിബെ ദുആ:**
**കെ.മുഹമ്മദ് സ്വാലിഹ്, കണ്ണൂർസിറ്റി.**

റയുന്നു:'ഇപ്പോൾ നിങ്ങൾ തൗബ ചെയ്തിരിക്കുകയാണ്. ഇനി അല്ലാഹു കാണാനാഗ്രഹിക്കുന്നത് ആ തൗബകൊണ്ട് നിങ്ങൾ നിങ്ങളെ എത്രമാത്രം ശുദ്ധീകരിച്ചുവെന്നാണ്. അല്ലാഹു തഖ്‌വ മുഖേന വ്യത്യാസമുണ്ടാക്കാനാഗ്രഹിക്കുന്ന കാലമാണിത്. അല്ലാഹുവിനെക്കുറിച്ച് പരാതി പറയുന്ന ഒരുപാടാളുകളുണ്ട്. അവർ തങ്ങളുടെ ആത്മാവിനെ നോക്കുന്നില്ല. തന്റെ ആത്മാവിന്റെ അക്രമമാണ് മനുഷ്യനുണ്ടാകുന്നത്. അങ്ങനെയല്ലെങ്കിൽ അല്ലാഹു റഹീമും കരീമുമാണ്. മനുഷ്യന് എന്തെങ്കിലും നഷ്ടമുണ്ടാകുന്നെങ്കിൽ തന്റെ ആത്മാവുകൊണ്ടാണുണ്ടാകുന്നത്. തന്റെ ആത്മാവിൽ അക്രമം ചെയ്യുന്നു. അല്ലാഹു ആരുടെമേലും അക്രമം ചെയ്യുന്നില്ല. അവൻ വലിയ റഹീമും കരീമുമാണ്.' പറഞ്ഞു:'പാപത്തെ കുറിച്ച് അറിയുന്ന ചിലരുണ്ട്. ചിലർക്ക് പാപത്തിന്റെ വിവരംപോലും അറിയില്ല. അത്രമാത്രം അവർ ആ ശീലത്തിന് വിധേയരായിത്തീരുന്നു. അതുകൊണ്ടാണ് അല്ലാഹു എന്നെന്നേക്കുമായി ഇസ്തിഗ്ഫാർ ചെയ്യുന്നത് അനിവാര്യമാക്കിയിരിക്കുന്നത്. അതുകൊണ്ട് ഇസ്തിഗ്ഫാർ ധാരാളം ചെയ്യേണ്ടതാണ്. പ്രത്യേകിച്ചും ഈ ദിനങ്ങളിൽ ഇവിടെ വന്നിട്ട് ദുആകൾ ചെയ്തുകൊണ്ടിരിക്കുമ്പോൾ! ജൽസയുടെ അന്തരീക്ഷംതന്നെ ദുആളുടേതാണ്. സ്വലാത്തു ചൊല്ലിക്കൊണ്ടിരിക്കുന്നതിനോടൊപ്പം ഇസ്തിഗ്ഫാറും ധാരാളമായി ചെയ്തുകൊണ്ടിരിക്കുക.' പറഞ്ഞു: 'മനുഷ്യൻ എല്ലാ ഓരോ പാപത്തിനും-അതു ബാഹ്യമായിട്ടുള്ളതാവട്ടെ ആഭ്യന്തരമായിട്ടുള്ളതാവട്ടെ, അറിഞ്ഞുകൊണ്ടുള്ളതാവട്ടെ അറിയാത്തതാവട്ടെ, കൈ, കാല്, നാവ്, മൂക്ക്, കണ്ണ് എല്ലാത്തരത്തിലുമുള്ള പാപങ്ങളിൽനിന്നും ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരിക്കുക. ഇക്കാലത്ത് ആദം(അ)ന്റെ ദുആ ചെയ്യേണ്ടതാണ്. റബ്ബനാ ഉലംനാ അൻഫുസനാ വ ഇല്ലം തഗ്ഫിർലനാ വ തർഹംനാ ലനകൂനന്ന മിനൽ ഖാസിരീൻ (7:24)

ഞങ്ങളുടെ നാഥാ! ഞങ്ങൾ ഞങ്ങളോടുതന്നെ തെറ്റുചെയ്തുപോയി. നീ ഞങ്ങൾക്കു പൊറുത്തുതരികയും ഞങ്ങളോടു കരുണകാട്ടുകയും ചെയ്യാത്തപക്ഷംതീർച്ചയായും ഞങ്ങൾ നഷ്ടപ്പെട്ടവരിൽ പ്പെട്ടുപോകും. പറയുന്നു, ഈ ദുആ ആദ്യമേതന്നെ സ്വീകരിക്കപ്പെട്ടു കഴിഞ്ഞിട്ടുള്ളതാണ്. അല്ലാഹു ഈ ദുആ പഠിപ്പിച്ചതുമുതൽ ഇതു സ്വീകരിക്കപ്പെട്ടതാണ്. അശ്രദ്ധയോടെ ജീവിക്കാതിരിക്കുക. സ്വീകരിക്കപ്പെടാൻ തന്നെയാണ് ഈ ദുആ പഠിപ്പിച്ചിട്ടുള്ളത്. അതിനാൽ ഗൗരവത്തോടെ ഈ ദുആ ചെയ്യേണ്ടതാണ്.' പറഞ്ഞു: 'അശ്രദ്ധയോടെ ജീവിക്കാതിരിക്കുക. അശ്രദ്ധയോടെ ജീവിക്കാതിരിക്കുന്നവൻ ഏതെങ്കിലും താങ്ങാൻ പറ്റാത്ത ബലായിൽ അകപ്പെടുമെന്ന് ഒരിക്കലും കരുതാവതല്ല. ശ്രദ്ധയോടെ ജീവിക്കുകയാണെങ്കിൽ ഒരു ബലായിലും അകപ്പെടുകയില്ല. കല്പനയില്ലാതെ ഒരു ബലായും വരികയില്ല. പറയുന്നു:"റബ്ബി കുല്ലു ശയ്ഇൻ ഖാദിമുക്ക റബ്ബി ഫഹ്ഫള്നീ വൻസ്വുർനീ വർഹംനീ എന്ന ദുആ എനിക്ക് ഇൽഹാമുണ്ടായതുപോലെ. ഈ ദുആയും ധാരാളമായി ചൊല്ലേണ്ടതാണ്."(മൽഫൂദാത്ത് വാല്യം 4 പേജ് 274-276, 1985 ലണ്ടൻ പതിപ്പ്)

ഒരു അവസരത്തിൽ ഒരു മജ്‌ലിസിൽ ഹദ്റത്ത് അബ്ദുൽകരീം സാഹിബ്(റ)പറഞ്ഞു: "ഹുദൂർ! പരസ്പരമുള്ള ഇണക്കത്തെ കുറിച്ചും ഐക്യത്തെ കുറിച്ചും കുറച്ചു പറഞ്ഞാലും."അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) കുറച്ച് ഉപദേശങ്ങൾ നല്കി. അവയിലെ കുറച്ചുഭാഗം ഞാനിവിടെ വിവരിക്കുകയാണ്. പറഞ്ഞു:'ഞാൻ രണ്ടുകാര്യങ്ങളുമായിട്ടാണ് വന്നിട്ടുള്ളത്. ഒന്നാമത്തേത് അല്ലാഹുവിന്റെ തൗഹീദ് സ്വീകരിക്കുക. രണ്ടാമത്തേത് പരസ്പരം സ്നേഹവും സഹതാപവും പ്രകടിപ്പിക്കുക. മറ്റുള്ളവർക്ക് കറാമത്ത്(അമാനുഷികം)എന്ന് തോന്നുംവിധം മാതൃക കാണിക്കുക. ഈ തെളിവാണ് സ്വഹാബാക്കളിൽ ഉണ്ടായിരുന്നത്. കുൻതും അഅ്ദാഅൻ ഫഅല്ലഫ ബയ്ന ഖുലൂബിക്കും(3:104) ഓർമിക്കുക! ഇണക്കം എന്നത് അത്ഭുതപ്രവൃത്തിയാണ്. ഓർക്കുക! നിങ്ങളിലോരോരുത്തരും സ്വന്തം ഇഷ്ടപ്പെടുന്നത് തന്റെ സഹോദരനുവേണ്ടിയും ഇഷ്ടപ്പെടാത്തിടത്തോളം എന്റെ ജമാഅത്തിൽപ്പെട്ടവരല്ല.' പറഞ്ഞു:'ആന്തരികവിരോധം അകലുക എന്നത് മഹ്ദിയുടെ അടയാളമാണ്. ആ അടയാളം പൂർത്തിയാകുകയില്ലേ? അതായത് മഹ്ദീ വരുമ്പോൾ പരസ്പരമുള്ള പകയും വിദ്വേഷങ്ങളും അകലുന്നതായിരിക്കും. പറഞ്ഞു: അത് പൂർത്തിയാകുകയില്ലേ? തീർച്ചയായും പൂർത്തിയാകും. നിങ്ങളെന്തുകൊണ്ട് ക്ഷമിക്കുന്നില്ല. ചില രോഗങ്ങളെ നശിപ്പിക്കാത്തിടത്തോളം രോഗം അകലുകയില്ലെന്നത് വൈദ്യപരമായിട്ടുള്ള തത്ത്വമാണ്. എന്നിൽനിന്ന് ഇൻശാഅല്ലാഹ് ഒരു സാത്വികമായ ജമാഅത്ത് ഉണ്ടാകുന്നതാണ്. പരസ്പരമുള്ള ശത്രുതയ്ക്ക് കാരണമെന്താണ്? പിശുക്കാണ്. അഹങ്കാരമാണ്. സ്വാർഥതയാണ്.' പറഞ്ഞു: 'ഈ ജമാഅത്ത് ഇൻശാ അല്ലാഹ് ഇവിടെ ഉണ്ടാകും. ലോകത്ത് അല്ലാഹുവിന്റെ കൃപയാൽ വലിയ വലിയ സത്യാത്മാക്കൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു.' പറയുന്നു:'സ്വന്തം വികാരങ്ങളെ നിയന്ത്രിക്കാൻ കഴിയാത്തവനും പരസ്പരം സ്നേഹത്തോടും സാഹോദര്യത്തോടും കഴിയാത്തവനും അല്പദിവസത്തെ അതിഥിയാണെന്ന് ഓർത്തുകൊള്ളട്ടെ. നല്ല മാതൃക കാണിക്കാത്തിടത്തോളം ആരുടെയെങ്കിലും കാരണത്താൽ എനിക്കെതിരെ ആക്ഷേപം വാങ്ങാൻ ഞാനാഗ്രഹിക്കുന്നില്ല. എന്റെ ജമാഅത്തിൽ ആയിക്കൊണ്ട് എന്റെ ഇംഗിതമനുസരിച്ച് നടക്കാത്തവൻ ഉണങ്ങിയ ശാഖയാണ്. അത് മുറിച്ച് നീക്കുകയല്ലാതെ തോട്ടക്കാരൻ എന്തു ചെയ്യാനാണ്. ഉണങ്ങിയ ശാഖ മറ്റു പച്ചളിപ്പുള്ള ശാഖയോടൊപ്പം വെള്ളം വലിച്ചെടുക്കും. എന്നാൽ, അവയ്ക്ക് അതിനെ പച്ചളിപ്പുള്ളതാക്കാൻ കഴിയുകയില്ല. എന്നല്ല ആ ഉണക്ക ശാഖ മറ്റുള്ളതിനേയും കൊണ്ടുപോകും. തന്റെ ചികിത്സ നടത്താത്തവൻ എന്നോടൊപ്പം ഇരിക്കുകയില്ല.'(മൽഫൂദാത്ത് വാല്യം 2 പേജ് 48-49, 1985 ലണ്ടൻ പതിപ്പ്)

അതിനാൽ പരസ്പരം വൈരാഗ്യങ്ങളെ വർധിപ്പിക്കുന്നവൻ ഭയപ്പെടേണ്ട സ്ഥാനമാണിത്. ഇക്കാലത്ത് നമ്മെ നന്നാക്കുന്നതിനുവേണ്ടി വന്ന വ്യക്തിയെ നമ്മൾ വിശ്വസിച്ചിരിക്കുന്ന സ്ഥിതിക്ക് അതിനുവേണ്ടി നമ്മൾ പരിശ്രമിക്കേണ്ട ആവശ്യവുമുണ്ട്. അദ്ദേഹം പറഞ്ഞ കാര്യങ്ങൾ വിശ്വസിക്കേണ്ട ആവശ്യമുണ്ട്. അതനുസരിച്ച് പ്രവർത്തിക്കേണ്ട ആവശ്യമുണ്ട്.

മനുഷ്യത്വത്തെ കുറിച്ച് വിവരിച്ചുകൊണ്ട് അവിടന്ന് പറയുന്നു: 'മനുഷ്യത്വമെന്താണ്? മനുഷ്യത്വത്തിന്റെ നിലവാരമെന്താണ്? ഒരു മുഅ്മിൻ എങ്ങനെയായിരിക്കേണ്ടതാണ്? ഇതുസംബന്ധമായി അവിടന്ന് പറഞ്ഞു:'ഇൻസാൻ യഥാർഥത്തിൽ ഉൻസാനിൽനിന്ന് എടുക്കപ്പെട്ടതാണ്. അതായത് ഏതൊന്നിലാണോ യഥാർഥമായ രണ്ട് സ്നേഹമുള്ളത്, ബന്ധമുള്ളത്. ഒന്ന് അല്ലാഹുവിനോട്. രണ്ടാമത്തേത് മനുഷ്യകുലത്തോടുള്ള സഹതാപം. ഈ രണ്ടു സ്നേഹവും അവനിലുണ്ടാകുമ്പോൾ അപ്പോഴാണ് ഇൻസാൻ എന്നു പറയപ്പെടുന്നത്. ഇക്കാര്യമാണ് മനുഷ്യന്റെ കാതൽ എന്നു പറയപ്പെടുന്നത്. രണ്ടു ബന്ധങ്ങൾ ഉണ്ടാക്കുക എന്ന ഇക്കാര്യമാണ് മനുഷ്യത്വത്തിന്റെ സാരം. ഒന്ന് അല്ലാഹുവിനോടുള്ള ബന്ധം ഉണ്ടാക്കുക. ഒന്ന് പരസ്പരമുള്ള കടമകൾ നിറവേറ്റുക.' പറഞ്ഞു: 'ഈ സ്ഥാനത്താണ് മനുഷ്യൻ ഉലുൽ അൽബാബ് എന്ന് പറയപ്പെടുന്നത്. ഇതുണ്ടാകാത്തിടത്തോളം ഒന്നുമില്ല. ആയിരക്കണക്കിന് വാദമുന്നയിച്ച് കാണിച്ചാലും അല്ലാഹുവിന്റെ പക്കൽ അവന്റെ നബിയുടേയും മലക്കുകളുടേയും പക്കൽ ഇതെല്ലാം നിഷ്ഫലമാണ്.'(മൽഫൂദാത്ത് വാല്യം 2 പേജ് 168, 1985 ലണ്ടൻ പതിപ്പ്)

അല്ലാഹു ഭൗതികജോലികളും കച്ചവടങ്ങളും ചെയ്യുന്നത് വിരോധിക്കുന്നില്ല. പ്രത്യുത അലസരായിരിക്കുന്നതെന്നും പണിയെടുക്കണമെന്നും കല്പിക്കുകയാണ് ചെയ്യുന്നത്. പക്ഷേ, ഉദ്ദേശ്യം ദുൻയാവായിരിക്കരുത്. മറിച്ച് അല്ലാഹുവിന്റെ തൃപ്തിയായിരിക്കണം. ഇതെപ്പോഴും മുന്നിലുണ്ടായിരിക്കേണ്ടതാണ്. ദുൻയാവിലെ അനുഗ്രഹങ്ങൾ കരസ്ഥമാക്കാൻ പരിശ്രമിക്കുന്നിടത്ത് പരലോകത്തെ നന്മകളും കരസ്ഥമാക്കാൻ പൂർണമായ ശ്രമത്തിന്റെ ആവശ്യമുണ്ട്.

ഈ വിഷയം വിശദീകരിച്ചുകൊണ്ട് ഒരു അവസരത്തിൽ അവിടന്ന് പറഞ്ഞു:'റബ്ബനാ ആത്തിനാ ഫിദ്ദുൻയാ ഹസനത്തൻ വഫിൽആഖിറത്തി ഹസനത്തൻ(2:202) എന്ന ദുആ ചെയ്യാൻ അല്ലാഹു പാഠം നല്കി. ഇതിലും ദുൻയാവിനെ മുന്തിച്ചു. പക്ഷേ, ഏതു ദുൻയാവിനെ? ഹസനത്തുദ്ദുൻയാവിനെ. അത് ആഖിറത്തിൽ നന്മകൾക്ക് കാരണമാകുന്നതായിരിക്കണം. ഈ ദുആ ചെയ്യാൻ പഠിപ്പിച്ചതിൽനിന്ന് വ്യക്തമായും മനസ്സിലാകുന്നത് ദുൻയാവ് കരസ്ഥമാക്കുന്നതിൽ ആഖിറത്തിലെ നന്മകൾ അതായത് 'ഹസനാത്തുൽ ആഖിറത്ത്' ശ്രദ്ധിക്കേണ്ടതാണെന്നാണ്. അതിനോടൊപ്പം ഹസനത്തുദ്ദുൻയാവിനെ'ദുൻയാവിലെ നന്മകൾ' എന്ന പദത്തിൽ മുഅ്മിനായ ഒരു മുസൽമാന് ദുൻയാവ് കരസ്ഥമാക്കുന്നതിന് സ്വീകരിക്കേണ്ടതായ എല്ലാ ഉത്തമമായ മാർഗങ്ങളുടെ ചർച്ചയും വന്നിരിക്കുന്നു. ഏതൊന്ന് സ്വീകരിക്കുന്നതുകൊണ്ട് നന്മയും ഗുണവും ഉണ്ടാകുന്നുവോ ആ രീതിയിൽ ദുൻയാവ് കരസ്ഥമാക്കുക. അതിനാൽ ദുൻയാവ് സമ്പാദിക്കുന്നത് വിരോധമല്ല. മറ്റുള്ളവർക്ക് നഷ്ടം വരുത്താതെ മറ്റുള്ളവരുടെ അവകാശങ്ങൾ പിടിച്ചെടുത്തല്ലാതെ മറ്റുള്ളവരുടെ ധനം അപഹരിച്ചെടുത്തല്ലാതെ നന്മയും ഗുണവും ഉണ്ടാകുന്ന മാർഗത്തിൽ ദുൻയാവ് കരസ്ഥമാക്കുക. മറ്റു മനുഷ്യർക്ക് വിഷമത്തിനു കാരണമാകുന്നതും സ്വന്തം വർഗത്തിലുള്ളവർക്ക് ഏതെങ്കിലും നാണക്കേടാകുന്നതുമായ മാർഗങ്ങൾ ആകരുത്. അത്തരം ദുൻയാവ് പരലോക നന്മകൾക്ക് കാരണമായിരിക്കുമെന്നതിൽ സംശയമില്ല.'(മൽഫൂദാത്ത് വാല്യം 2 പേജ് 91-92, 1985 ലണ്ടൻ പതിപ്പ്)

അത്തരം ദുൻയാവ് നിങ്ങൾ സമ്പാദിക്കുകയാണെങ്കിൽ ആ ദുൻയാവ് ആഖിറത്തിലെ നന്മകൾക്കും കാരണമാകുന്നതാണ്. കാരണം അത്തരം ദുൻയാവ് സമ്പാദിക്കുന്നവർ പിന്നീട് അല്ലാഹുവിനുവേണ്ടിയും അവന്റെ സൃഷ്ടികൾക്കുവേണ്ടിയും അവന്റെ ദീനിനുവേണ്ടിയും ചെലവഴിക്കുന്നവരുമായിരിക്കും.

അവിടന്ന് പറയുന്നു:"നമ്മുടെ ജമാഅത്തിൽ പ്രവേശിക്കുന്നത് നമ്മുടെ അധ്യാപനങ്ങളെ പ്രവർത്തന രൂപരേഖയായി അംഗീകരിക്കുന്നവരായിരിക്കും. സ്വന്തം കഴിവും ശ്രമവുംകൊണ്ട് അതനുസരിച്ച് പ്രവർത്തിക്കുന്നവരാണ്. പക്ഷേ, പേരുമാത്രം വെച്ചുകൊണ്ട് അധ്യാപനമനുസരിച്ച് കർമങ്ങൾ ചെയ്യാത്തവർ അല്ലാഹു ഈ ജമാഅത്തിനെ ഒരു പ്രത്യേക ജമാഅത്താക്കാനാണ് ഉദ്ദേശിക്കുന്നതെന്ന കാര്യം ഓർക്കുക. വെറും പേരെഴുതിക്കുന്നതുകൊണ്ട് ഒരാളും യഥാർഥത്തിൽ ജമാഅത്തിൽ പെടുകയില്ല. പറഞ്ഞതിന്റെ ഉദ്ദേശ്യം യഥാർഥത്തിൽ ജമാഅത്തിന്റെ അധ്യാപനമനുസരിച്ച് പ്രവർത്തിക്കുന്നില്ലെങ്കിൽ, ഇക്കാര്യങ്ങളനുസരിച്ച് ജീവിക്കുന്നില്ലെങ്കിൽ വെറും പേരെഴുതിക്കുന്നതുകൊണ്ട് ജമാഅത്തിലാകുകയില്ല. അവൻ ജമാഅത്തിൽനിന്ന് വേർപെട്ടു പുറത്തുപോകുന്ന ഏതെങ്കിലും സമയം വരുന്നതാണ്. അതുകൊണ്ട് നല്കപ്പെടുന്ന പാഠങ്ങളനുസരിച്ച് കഴിയുന്നിടത്തോളം കർമങ്ങൾ ചെയ്യുക. കർമങ്ങൾ ചിറകുകൾപോലെയാണ്. കർമങ്ങൾ കൂടാതെ മനുഷ്യന് ആത്മീയ പദവികൾക്കു വേണ്ടി പറക്കാൻ സാധിക്കുകയില്ല. ഏതുപോലെ പക്ഷികൾ ചിറകുകൾ മുഖേന പറക്കുന്നുവോ മനുഷ്യന്റെ കർമങ്ങളും അവനെ ആത്മീയമായ നിലയിൽ പറത്തുന്നു. അതിന്റെ കീഴെ അല്ലാഹു വെച്ചിട്ടുള്ള ഉന്നതമായ ഉദ്ദേശ്യങ്ങൾ കരസ്ഥമാക്കാൻ സാധിക്കുകയില്ല. പക്ഷികളിൽ കാര്യ

ബോധമുണ്ട്. അവ ഈ കാര്യബോധത്തോടെ പ്രവർത്തിക്കുന്നില്ലെങ്കിൽ അവയിൽനിന്നുണ്ടാകുന്ന ജോലി ഉണ്ടാകുകയില്ല. ഉദാഹരണത്തിന് തേനീച്ചയിൽ കാര്യബോധമില്ലെങ്കിൽ അവയ്ക്ക് തേൻ ശേഖരിക്കാൻ സാധിക്കുകയില്ല. ഇപ്രകാരംതന്നെ കത്തുകൊണ്ടുപോകുന്ന പ്രാവുകളുണ്ട്. അവയ്ക്ക് കൊടുക്കുന്ന ശിക്ഷണത്തിന്റെ ഫലമായി അവ കത്തുകൾ ഒരിടത്തുനിന്ന് മറ്റൊരിടത്ത് കൊണ്ടുപോകുന്നു. അവയ്ക്ക് അവയുടെ കാര്യബോധംകൊണ്ട് എത്രമാത്രം ജോലിചെയ്യേണ്ടി വരുന്നു. എത്രമാത്രം ദൂരദൂരയുള്ള സ്ഥലങ്ങൾ അവയ്ക്ക് താണ്ടേണ്ടി വരുന്നു. പഴയ കാലത്ത് അവയെയാണ് ഇതിന് ഉപയോഗിച്ചിരുന്നത്. അവ കത്തുകൾ എത്തിച്ചിരുന്നു. ഇപ്രകാരം പക്ഷികളെകൊണ്ട് അത്ഭുതകരമായ ജോലികൾ എടുപ്പിക്കുന്നു. അതുകൊണ്ട് മനുഷ്യൻ ആദ്യം കാര്യബോധത്തോടെ പ്രവർത്തിക്കേണ്ടത് അനിവാര്യമാണ്. താൻ ചെയ്യാൻ പോകുന്ന ജോലി അല്ലാഹുവിന്റെ കല്പനകൾക്കു വിധേയമാണോ അവന്റെ തൃപ്തിക്കുവേണ്ടിയാണോ എന്ന് ചിന്തിക്കുക. അതിനാൽ എല്ലാ ജോലികൾക്കുംമുമ്പേ താൻ ചെയ്യാൻപോകുന്ന ജോലിക്ക് ദീൻ തനിക്ക് അനുവാദം തരുന്നുണ്ടോ എന്ന് ചിന്തിക്കുക. അല്ലാഹു അത് അനുവദിക്കുന്നുണ്ടോ. അനുവദനീയമാണോ അല്ലേ? ലോകം സമ്പാദിക്കുന്നതിനുവേണ്ടി അനുവദനീയമല്ലാത്ത എല്ലാ മാർഗങ്ങളും മനുഷ്യൻ സ്വീകരിക്കാൻ തുടങ്ങുക എന്നതല്ല. പറഞ്ഞു: ഇതു നോക്കുകയും കാര്യബോധത്തോടെ പ്രവർത്തിക്കുകയും ചെയ്യുമ്പോൾ കൈകൊണ്ട് പണിയെടുക്കേണ്ടത് നിർബന്ധമായിത്തീരുന്നു. അശ്രദ്ധയും അലസതയും കാണിക്കരുത്. അധ്യാപനം ശരിയാണോ എന്ന് നോക്കേണ്ടത് അനിവാര്യമാണ്. പക്ഷേ, മനുഷ്യൻ തന്റെ അജ്ഞതയും വിവരമില്ലായ്മയുംകൊണ്ട് അല്ലെങ്കിൽ മറ്റാരുടെയെങ്കിലും ദ്രോഹമോ തെറ്റായവിവരണമോകൊണ്ട് വഞ്ചനയിൽ വീഴുന്നു. അതുകൊണ്ട് നിഷ്പക്ഷമായിക്കൊണ്ടായിരിക്കണം അന്വേഷിക്കേണ്ടത്.'(മൽഫൂദാത്ത് വാള്യം 4 പേജ് 439–440, 1985 ലണ്ടൻ പതിപ്പ്)

തഖ്‌വായുടെ പ്രാധാന്യം വിവരിച്ചുകൊണ്ട് പറയുന്നു:'നമ്മെ ഏതൊരു കാര്യത്തിനാണോ നിയോഗിച്ചിട്ടുള്ളത്, അതിതാണ്: തഖ്‌വയുടെ മൈതാനം ശൂന്യമായി കിടക്കുന്നു. തഖ്‌വ ഉണ്ടാകേണ്ടതാണ്. അല്ലാതെ വാളെടുക്കയല്ല. ഇത് ഹറാമാണ്. നിങ്ങൾ തഖ്‌വ കൈക്കൊള്ളുന്നവരാണെങ്കിൽ ലോകം മുഴുവൻ നിങ്ങളോടൊപ്പം ഉണ്ടായിരിക്കും. അതുകൊണ്ട് തഖ്‌വ കൈക്കൊള്ളുക. ആരാണോ മദ്യപിക്കുന്നത് അല്ലെങ്കിൽ ആരുടെ മതത്തിന്റെ ചിഹ്നങ്ങളിലാണോ മദ്യം മുഖ്യഘടകമായിട്ടുള്ളത് അവർക്ക് തഖ്‌വയുമായി ഒരു ബന്ധവും ഉണ്ടാകുകയില്ല. അവർ നന്മയോടു പടവെട്ടുന്നവരാണ്. അതുകൊണ്ട് അല്ലാഹു നമ്മുടെ ജമാഅത്തിനെ ഭാഗ്യം നല്കുകയും അവർ തിന്മയോടു പടവെട്ടുന്നവരും തഖ്‌വയുടേയും പരിശുദ്ധിയുടേയും മൈതാനത്ത് അഭിവൃദ്ധിപ്പെടുന്നവരാകുകയുമാണെങ്കിൽ ഇതുതന്നെയാണ് വലിയ വിജയം. ഇതിനെക്കാളുപരി ഒരു വസ്തുവും സ്വാധീനം ചെലുത്തുന്നതാകുകയില്ല. ഇക്കാലത്ത് ലോകത്തുള്ള സകലമാന മതങ്ങളേയും നോക്കുക. യഥാർഥ ഉദ്ദേശ്യമായ തഖ്‌വ നഷ്ടപ്പെട്ടുപോയിരിക്കുന്നു. ദുൻയാവിലെ സൗന്ദര്യങ്ങളെ ദൈവമാക്കിയിരിക്കുന്നു. യഥാർഥ ദൈവം മറഞ്ഞുപോയിരിക്കുന്നു.സത്യവാനായ ദൈവത്തെ അപമാനിക്കുന്നു. എന്നാൽ, ഇപ്പോൾ താൻ അംഗീകരിക്കപ്പെടണമെന്ന് അവൻ സ്വയം ആഗ്രഹിക്കുന്നു. ലോകം അവനെ തിരിച്ചറിയണം. ആരാണോ ലോകത്തെ ദൈവമെന്നു മനസ്സിലാക്കുന്നത് അവന് മുത്തവക്കിൽ (വിശ്വാസപൂർവം ഭരമേൽപിച്ചവനാകാൻ) സാധിക്കുകയില്ല.' (മൽഫൂദാത്ത് വാള്യം 4 പേജ് 357–358, 1985 ലണ്ടൻ പതിപ്പ്)

പറഞ്ഞു:'കഠിനമായ ശിക്ഷ വരാൻ പോകുകയാണ്.' അവിടന്ന് വലിയ മുന്നറിയിപ്പാണ് നല്കിയത്.'ശുദ്ധവും അശുദ്ധവും തമ്മിൽ ഒരു വ്യത്യാസമുണ്ടാക്കാൻ പോകുകയാണ്. നിങ്ങളുടെ മനസ്സുകളിൽ ഒരു തരത്തിലുമുള്ളവ്യത്യാസവും ബാക്കിയില്ലെന്ന് കാണുമ്പോൾ അവൻ നിങ്ങൾക്ക് സത്യാസത്യ വിവേചനം നല്കുന്നതായിരിക്കും. ആരെങ്കിലും ബയ്അത്തു ചെയ്യുമ്പോൾ ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുമെന്ന് ഏറ്റുപറയുന്നു. എന്നാൽ, കർമംകൊണ്ട് അവൻ അതിന്റെ സത്യസന്ധതയും കൂറുകാണിക്കുമെന്ന പ്രതിജ്ഞയും പ്രകടിപ്പിക്കുന്നില്ല. അങ്ങനെയുള്ളവനെ അല്ലാഹു എന്തു പരിഗണിക്കാനാണ്. ഈ രീതിയിൽ ഒന്നല്ല നൂറുതന്നെ മരിച്ചാലും നാം പറയുന്നത് അവൻ തന്റെ ഉള്ളിൽ മാറ്റമുണ്ടാക്കിയില്ല എന്നായിരിക്കും. അന്ധകാരത്തെ അകറ്റുന്നതും മനസ്സിന് കരുത്തും രുചിയും പ്രദാനം ചെയ്യുന്നതുമായ ആ സത്യസന്ധതയുടേയും ഈശ്വരജ്ഞാനത്തിന്റേയും വെളിച്ചത്തിൽനിന്ന് അവൻ അകന്നുനില്ക്കുകയും അതുകൊണ്ട് നശിക്കുകയും ചെയ്തു.'(മൽഫൂദാത്ത് വാള്യം 4 പേജ് 71, 1985 ലണ്ടൻ പതിപ്പ്)

ലോകത്തിന്റെ ഇന്നത്തെ അവസ്ഥയും അതിന്റെ പര്യവസാനം എന്തായിരിക്കുമെന്ന് ചിന്തിപ്പിക്കുന്നതാണ്. അതിവേഗം ലോകം നാശത്തിലേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണെന്നും എന്തായിരിക്കും നമ്മുടെ അവസ്ഥയെന്നും കഴിഞ്ഞ ദിവസം ഒരു സാഹിബ് പറയുകയുണ്ടായി. ഇതിനുള്ള മറുപടി ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരു പദ്യത്തിലും നല്കിയിട്ടുണ്ട്. ഇതിലും വിശദീകരണം നല്കി:

ആഗ് ഹെ പർ ആഗ് സെ വൊ
സബ് ബച്ചായെ ജായേംഗെ
ജോ കെ രഖ്തെ ഹൈൻ
ഖുദായെ ദുൽഅജായിബ് സെ പ്യാർ

തീയാണ്! പക്ഷേ, അത്ഭുതങ്ങളുടെ കേദാരമായ അല്ലാഹുവിനെ സ്നേഹിക്കുന്നവരെല്ലാം ആ തീയിൽ നിന്ന് രക്ഷിക്കപ്പെടുന്നതാണ്.

(ദുർരെ ഥമീൻ ഉർദു പേജ് 154)

അല്ലാഹുവിനോടുള്ള ബന്ധം ശക്തിപ്പെടുത്തുക എന്നതാണ് യഥാർഥ കാര്യം. അല്ലാഹുവിനോടുള്ള കടമ നിറവേറ്റുന്നതിനോടൊപ്പം അവന്റെ ദാസരോടുള്ള കടമകളും നിറവേറ്റുക. അല്ലാഹു പറഞ്ഞിട്ടുള്ള നിയമങ്ങൾക്ക് വിധേയമായി വരുന്ന നന്മകൾ കരസ്ഥമാക്കാൻ ശ്രമിക്കുക. തിന്മകളിൽനിന്ന് രക്ഷപ്പെടാനും പരിശ്രമിക്കുക. അല്ലാഹുവിന്റെ പക്കൽ ദോഷമായിട്ടുള്ളതും അല്ലാഹു വിശുദ്ധ ഖുർആനിൽ തുറന്ന് വിവരിച്ചിട്ടുള്ളതുമായ തിന്മകളിൽനിന്ന് രക്ഷപെടാൻ ശ്രമിക്കുക. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചതിനുശേഷം വിശ്വാസപരമായും കർമപരമായും കരുത്തരിൽ കരുത്തരാകാൻ ശ്രമിക്കേണ്ടതാണ്. ഇക്കാര്യങ്ങളാണ് നമ്മുടെ മോക്ഷത്തിന് നിമിത്തമാകുന്നത്. ഇക്കാര്യങ്ങളാണ് അല്ലാഹുവിന് ഇഷ്ടപ്പെട്ടതും. ഈ വിപ്ലവം കൂടാതെ ജമാഅത്തിന് വന്നുകൊണ്ടിരിക്കുന്ന 50 വർഷത്തിന് 75 വർഷത്തിന് 100 വർഷത്തിന് ഒരുപ്രസക്തിയുമില്ല. ലൗകികർ ഇക്കാര്യങ്ങളിൽ സന്തോഷിക്കുന്നു. പക്ഷേ, മതപരമായ ജമാഅത്തുകൾ സന്തോഷിക്കുകയില്ല. നമ്മൾ അല്ലാഹുവിന്റെ കല്പനകളിലൂടെ നടക്കുന്നതിൽ അഭിവൃദ്ധിപ്പെടുകയും ഭാവിയിൽ കൂടുതൽ അതിന് ശ്രമിക്കുകയും ചെയ്യും എന്നതിലാണ് സന്തോഷം പ്രകടിപ്പിക്കുന്നതെങ്കിൽ ഈ പ്രകടനവും അല്ലാഹുവിന് ശുക്ർ ചെയ്യലും അനുവദനീയവുമാണ്. പക്ഷേ, നമ്മുടെ ചുവടുകൾ എല്ലാത്തരം നന്മയിലേക്ക് ഉയരുന്നതിനു പകരം നിലച്ചുപോകുകയോ പിന്നാക്കം പോകാൻ തുടങ്ങുകയോ ആണെങ്കിൽ അത് ചിന്താർഹമായ കാര്യമാണ്. അതിനാൽ നമുക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാര്യങ്ങൾ മുന്നിൽ വെച്ചുകൊണ്ട് അല്ലാഹുവിന്റേയും റസൂലിന്റേയും കല്പനകളനുസരിച്ച് പ്രവർത്തിക്കുകയും പ്രവർത്തനം പരിശോധിക്കുകയും ചെയ്യേണ്ട ആവശ്യമാണുള്ളത്. എപ്പോഴും ആത്മ പരിശോധന നടത്തിക്കൊണ്ടിരിക്കേണ്ടതാണ്. ജമാഅത്തിന്റെ 75 വർഷം തികയുമ്പോൾ ഇൻശാഅല്ലാഹ് ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കും എന്ന് നമ്മൾ ചെയ്ത പ്രതിജ്ഞയിൽ നമ്മൾ നിലകൊള്ളുന്നുവെന്ന് മാത്രമല്ല അതിൽ അഭിവൃദ്ധിപ്പെടുന്നവരുമാണ് എന്ന് നമുക്ക് പറയാനും കഴിയണം. അല്ലാഹു എല്ലാവർക്കും ഇതിന് തൗഫീഖ് നല്കുമാറാകട്ടെ.

ജൽസയുടെ ദിനങ്ങൾ പ്രത്യേകിച്ചും ഈ മൂന്നു ദിനങ്ങൾ പറഞ്ഞതുപോലെ ദുആകളിൽ കഴിച്ചുകൂട്ടുക. ഇവിടത്തെ പരിപാടികൾ കേൾക്കുക എന്ന ഉദ്ദേശ്യം പൂർണമായും ഹാജരായിക്കൊണ്ട് നിറവേറ്റുക. അല്ലാഹു എല്ലാവർക്കും ഇതിന് തൗഫീഖ് നല്കുമാറാകട്ടെ.

# മുസ്‌ലിമിന്റെ അർഥം

ഹദ്റത്ത് അല്ലാമ ഹക്കീം നൂറുദ്ദീൻ സാഹിബ് ഖലീഫത്തുൽമസീഹ് അവ്വൽ(റ) പറയുന്നു: "മുസ്‌ലിം എന്നതിന്റെ അർഥം സംസ്കാര സമ്പന്നൻ, അലങ്കരിക്കപ്പെട്ടവൻ, സൽമാതൃക, എല്ലാ ന്യൂനതകളിൽനിന്നും രക്ഷപ്പെട്ടവൻ, എല്ലാ ന്യൂനതകളിൽനിന്നും മറ്റുള്ളവരെ രക്ഷപ്പെടുത്തുന്നവൻ, രഞ്ജിപ്പോടും ഐക്യത്തോടുംകൂടി ജീവിക്കുന്നവൻ, സ്വയം സൗന്ദര്യവാൻ, മറ്റുള്ളവർക്ക് സൗന്ദര്യത്തിന് കാരണമാകുന്നവൻ, ഏതൊരുവന്റെ കൈയിൽനിന്നും നാവിൽനിന്നും മറ്റുള്ളവർ സുരക്ഷിതരാണോ അവൻ, അല്ലാഹുവിനെ അനുസരിക്കുന്നവൻ." (ഇർശാദാത്തെ നൂർ വാള്യം 1 പേജ് 78– അൽ ഫള്ൽ ഇന്റർ നാഷണൽ, 2016 സെപ്റ്റംബർ 2–8)

## ഇർശാദുന്നബ്‌വി(സ)

നബി(സ)തിരുമേനി പറഞ്ഞു: "സൽസ്വഭാവങ്ങളുടെ സമ്പൂർത്തീകരണത്തിനുവേണ്ടിയാണ് ഞാൻ അയക്കപ്പെട്ടിരിക്കുന്നത്." അതായത് ഞാൻ നല്ലതും ഉന്നതവുമായ സ്വഭാവത്തിന്റെ പൂർത്തീകരണത്തിനായി അയക്കപ്പെട്ടിരിക്കുന്നു.

(മുഅത്വാ ഇമാം മാലിക്)

**ത്വാലിബെ ദുആ:**
**അബ്ദുർറഹീം ശംസുദ്ദീൻ പഴയങ്ങാടി.**




## ഇർശാദുന്നബ്‌വി(സ)

നബി(സ)തിരുമേനി ഇങ്ങനെ ദുആ ചെയ്യാറുണ്ടായിരുന്നു: "അല്ലാഹുവേ! ഏതുപോലെ നീ എന്റെ ആകൃതിയും രൂപവും നല്ലതും മനോഹരവുമാക്കിയിരിക്കുന്നുവോ അതുപോലെ എന്റെ സ്വഭാവങ്ങളും ശീലങ്ങളും നല്ലതാക്കേണമേ."

(മുസ്നദ് അഹ്മദ്)

**ത്വാലിബെ ദുആ:**
**കെ.ടി.മഹ്മൂദ്, കൊടിയത്തൂർ.**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : +91-94466-56123
e-mail : badarkerla@gmail.com

(Title Code:- PUNMAL00001)
ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516
Vol-1 Thursday 10 November Issue-36

MANAGER
NAWAB AHMAD
Tel : +91-1872-224757
Mobile: +91-94170-20616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
ANNUAL SUBSCRIPTION Rs.300/-

## ഹുദൂറിന്റെ പ്രസംഗം വളരെ മനോഹരമായിരുന്നു; പ്രത്യേകിച്ചും സ്ത്രീകളുടെ പദവിയെ സംബന്ധിച്ച്. "ദേശത്തോടുള്ള സ്നേഹം ഈമാനിൽപ്പെട്ടതാണ്" എന്ന സന്ദേശം കേട്ട് അവർ വളരെ സന്തോഷിച്ചു.

**2016 ആഗസ്റ്റു 30 ന് ജർമനയിലെ Frankenthal നഗരത്തിൽ മസ്ജിദ് നൂറിന്റെ ശിലാകർമവേളയിൽ അമീറുൽമുഅ്മിനീന്റെ പ്രഭാഷണംകേട്ട് അതിഥികളിലുണ്ടായ പ്രതികരണം.**

ഭാഗം-2

* ഒരു അതിഥി Mrs.Schafer പറഞ്ഞു: "ഇന്ന് ഹുദൂർ അൻവറിന്റെ പ്രസംഗത്തിൽനിന്ന് ഇസ്‌ലാമിൽ സ്ത്രീകളുടെ അവകാശങ്ങളുടെ യാഥാർഥ്യം എനിക്കറിയാൻ കഴിഞ്ഞു."

* ഒരു അതിഥി Mr.Bernd Holger പറഞ്ഞു: "ജോലി കാരണത്താൽ ജമാഅത്തിനെ ഞാൻ 25 വർഷമായിട്ട് അറിയുന്നവനാണ്. ഹുദൂർ അൻവറിനേയും ഞാൻ കുറച്ചുകാലമായി ടി.വി.യിൽ കണ്ടുകൊണ്ടിരിക്കുന്നു. ഞാൻ ആദ്യം കൂടിക്കാഴ്ച നടത്തി വളരെ സന്തോഷിച്ചു. അദ്ദേഹത്തിന്റേത് ഒരു പ്രത്യേക പ്രതാപമാണ്. അദ്ദേഹത്തിന്റെ എല്ലാ കാര്യങ്ങളോടും ഞാൻ യോജിക്കുന്നു."

* ഒരു അതിഥി Dr.Ursula തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: "ഹുദൂർ അൻവറിന്റെ ചുമതല മുഴുലോകത്തുമുള്ള അഹ്മദികളുടേതാണ്. Frankenthal പോലെയുള്ള ചെറിയ ജമാഅത്തിനുവേണ്ടിയും അവിടന്ന് സമയം നല്കിയെന്നത് വളരെ അത്ഭുതകരമായ കാര്യമാണ്. ഈ സമാധാന പാഠം ആവർത്തിച്ചാവർത്തിച്ച് കേൾപ്പിക്കുക എന്നത് അത്യന്തം അനിവാര്യമായ കാര്യമാണ്. ഖുത്ബ ജുമുഅയിലും ഇത്തരം യുക്തിനിർഭരമായ കാര്യങ്ങൾ അവിടന്ന് പറയുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ജനങ്ങൾക്ക് ഇതിന്റെ ആവശ്യമുണ്ട്."

* ഒരു അതിഥി Michelle Blaumeister പറഞ്ഞു: "ഈ അന്തരീക്ഷം വളരെ നല്ലതാണ്. വിവരിക്കാൻ വാക്കുകളില്ല. ഈ അന്തരീക്ഷത്തിൽ കുറച്ചു പ്രത്യേകതകളുണ്ട്, അതു വിവരണാതീതമാണ്. ഞാനിവിടെ വന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ദിവസം മുഴുവൻ ഇക്കൂട്ടരോടൊത്ത് ചെലവഴിക്കാൻ അവസരം കിട്ടി. എല്ലാവരും കേൾക്കേണ്ട പ്രസംഗമാണ് ഹുദൂർ അൻവർ ചെയ്തത്."

* രണ്ടു അതിഥികൾ പറഞ്ഞു: "ഞങ്ങൾ ക്ഷണം കിട്ടിയപ്പോൾ വളരെ സന്തോഷിച്ചു. അതിനു നന്ദിയും പറഞ്ഞു." മുസ്‌ലീംകൾ സമാധാന പ്രിയരാണെന്ന് ബാക്കിലോകത്തോടു പറയാൻ കഴിയുന്നതിന്ന് അവർ മുസ്‌ലീംകളെ നേരിട്ട് കാണാൻ വന്നതാണ്. അവസാനം അവർ ഒരു കവർ നല്കി. അതിൽ സംഭാവനയായിരുന്നു."

* ഒരു അതിഥി പ്രൊട്ടസ്റ്റന്റ് ചർച്ചിന്റെ പാതിരി Marting Henning പറഞ്ഞു:'ഇസ്‌ലാമും ക്രിസ്തുമതവും തമ്മിൽ ഒരുപാട് സാദൃശ്യമുണ്ട്. അഹ്മദിയ്യാ ജമാഅത്തിന്റെ ഏകദേശം എല്ലാ കാര്യത്തിലും അവരുടേതായ ഒരു വീക്ഷണമുണ്ട്. എല്ലാ മതത്തിലേയും ആളുകൾ ഇവിടെ വന്നിരിക്കുന്നതുകണ്ട് ഞാൻ വളരെ സന്തോഷവാനാണ്. ഖലീഫ റാബിഅ്നെ ഞാൻ 20 വർഷം മുമ്പേ കണ്ടിരുന്നു. സമാധാനപ്രിയമായ ഒരു ഇൻസ്റ്റിട്യൂഷനെ അതായത് ഖിലാഫത്തിനെ സിറിയയിൽ അങ്ങേയറ്റം തെറ്റായ രീതിയിൽ വിനിയോഗിക്കുന്നതുകണ്ട് ഞാൻ അങ്ങേയറ്റം ദുഃഖിക്കുന്നു.'

* ഒരു ടീച്ചർ Hiltrud Sieber സാഹിബ പറഞ്ഞു: 'ഹുദൂർ അൻവർ ഇന്ന് സമർപിച്ച അധ്യാപനം ലോകം മുഴുവൻ പ്രചരിപ്പിക്കേണ്ടതാണ്. ഇന്നത്തെ കാലത്തിനനുസരിച്ച് വിശുദ്ധ ഖുർആൻ വ്യാഖ്യാനിക്കേണ്ട ആവശ്യമാണുള്ളത്.'

* ഒരു അതിഥി ക്ഷണിച്ചതിന് നന്ദി പറഞ്ഞു. അദ്ദേഹം പറഞ്ഞു: 'ഹുദൂർ സമാധാനം വ്യാപിപ്പിക്കുന്നയാളാണ്. ജമാഅത്തിന്റെ പ്രത്യേകിച്ചും സ്ത്രീകളുടെ അവകാശങ്ങളെ സംബന്ധിച്ചുള്ള വീക്ഷണം കണ്ട് ഞാൻ അത്ഭുതപ്പെട്ടുപോയി.

* ഒരു അതിഥി Inge gross പറഞ്ഞു: 'ഹുദൂർ അൻവറിന്റെ പ്രസംഗം വളരെ നന്നായിരുന്നു. പ്രത്യേകിച്ചും സ്ത്രീകളുടെ പദവിയെക്കുറിച്ചുള്ള പ്രസംഗം. ഇന്നുവരെ ഞാൻ ഈ വീക്ഷണത്തിലൂടെ ഇതിനെ കണ്ടിട്ടില്ല.'

* ഒരു അതിഥി Dr.Reiner schulze പറഞ്ഞു: 'മനുഷ്യരോടുള്ള കടമകൾ നിറവേറ്റുന്നതിനെ കുറിച്ച് പറഞ്ഞത് എനിക്കു വളരെ ഇഷ്ടപ്പെട്ടു. ഞാൻ രാഷ്ട്രീയ പാർട്ടിയായ Die Grunen ണുമായി ബന്ധം വെക്കുന്നയാളാണ്. ഹുദൂറിന്റെ വാക്കുകൾ പ്രചരിപ്പിക്കേണ്ട ആവശ്യമാണുള്ളത്.'

* ഒരു അതിഥി Jurgen Gross പറഞ്ഞു: 'ഹുദൂർ അൻവർ വളരെ വ്യക്തമായി കാര്യങ്ങൾ പറഞ്ഞു. അദ്ദേഹം നമ്മളോടു ഒരു ലവലിൽ നിന്നു കൊണ്ടാണ് സംസാരിച്ചത്; അല്ലാതെ നമ്മളെ താണവരായി മനസ്സിലാക്കിയല്ല. ഞാൻ മൂന്നു വർഷം മുമ്പേ ഹുദൂറിനെ ജൽസസാലാനയിൽ കണ്ടിരുന്നു. ഞാൻ വളരെ ആകർഷിക്കപ്പെട്ടിരുന്നു. അത്തരം വ്യക്തിത്വം എന്തുകൊണ്ട് പ്രശസ്തമാകുന്നില്ല. ഇത്തരം വ്യക്തിയെ അറിയാൻ കഴിഞ്ഞത് എന്റെ ഭാഗ്യമാണ്. ഞാൻ ചുറ്റുപാടു കണ്ട് ആകർഷിതനായിരിക്കുന്നു. പ്രത്യേകിച്ചും ടെന്റിന്റെ ഡെക്കറേഷൻ. എം.ടി.എയും പൊതു ഏർപാടുകളും ഇഷ്ടപ്പെട്ടു. എന്നെ സ്വാഗതം ചെയ്ത രീതി എനിക്ക് ഏറെ ഇഷ്ടപ്പെട്ടു. ഇവിടെയുള്ള അതിഥികളും അഹ്മദികളും അല്ലെങ്കിലും നല്ലവർതന്നെയാണ്. ഇവിടെ ഒരിക്കലും വരാത്തവർക്ക് ഈ സന്ദേശത്തിന്റെ ആവശ്യമാണുള്ളത്.'

* ഹുദൂർ അൻവറിന്റെ പ്രസംഗം ഒരു സ്ത്രീ കേട്ടു. ഇസ്‌ലാമിൽ സ്ത്രീകളുടെ സ്ഥാനത്തെ കുറിച്ച് കേട്ട് അവർ അത്ഭുതപ്പെട്ടുപോയി. ഈ പ്രസംഗത്തിനുശേഷം എല്ലാ ഓരോ വീക്ഷണഗതികളും മാറിപ്പോയിട്ടുണ്ടാകുമെന്ന് അവർ ദൃഢമായും വിശ്വസിക്കുന്നു.

* ഒരു അതിഥി അഹ്മദ് മൂസാ സാഹിബ് പറഞ്ഞു: 'ഇന്ന് ഇവിടെ ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനം സമർപിക്കപ്പെട്ടു. മാധ്യമങ്ങളിൽ അവതരിപ്പിക്കുന്ന ചിത്രം തെറ്റാണ്. ഈ മസ്ജിദ് ലോക്കൽ ആൾക്കാർക്കുമുള്ളതാണെന്ന് ഹുദൂർ പറഞ്ഞതും എനിക്ക് വളരെ ഇഷ്ടപ്പെട്ടു. ഇസ്‌ലാമിൽ ഐക്യം സ്ഥാപിതമായാൽ അതും എനിക്ക് സന്തോഷകരമായിരിക്കും.'

* ഒരു അതിഥി Schuher Agiman പറഞ്ഞു: 'എനിക്ക് ഹുദൂറിനെ കണ്ട് സന്തോഷമായി. ഹുദൂർ ഇവിടെ വന്നത് എനിക്ക് ഏറെ ഇഷ്ടപ്പെട്ടു.'

* ഒരു അതിഥി Roswitha Osswald പറഞ്ഞു: 'കൂടുതൽ ആളുകൾ Frankenthalലെ ഈ ശിലാകർമപരിപാടിയിൽ തൽപരരാകണമെന്നാണ് എന്റെ ആഗ്രഹം. ഞാൻ എന്നെ ജമാഅത്തുമായി ചേർത്തു വെച്ചവളെന്ന് മനസ്സിലാക്കുന്നു. ഇവിടെ മസ്ജിദിന് എതിർപ്പുണ്ടാകാത്തതിൽ ഞാൻ വളരെ സന്തോഷവതിയാണ്. ഹുദൂറിൽ ഞാൻ ആകർഷിതയായിരിക്കുന്നു. അദ്ദേഹം വളരെ നല്ല കാര്യങ്ങൾ പറഞ്ഞു. മസ്ജിദിന്റെ നിർമാണം പൂർത്തിയായാൽ ഞാൻ അത് സന്ദർശിക്കാൻ ശ്രമിക്കുന്നതാണ്. ഇസ്‌ലാമിലെ സ്ത്രീയുടെ സ്ഥാനത്തെ സംബന്ധിച്ച് ഹുദൂർ പറഞ്ഞതിൽ ഞാൻ വളരെ സന്തോഷിക്കുന്നു; സ്ത്രീകൾ വളരെ സ്വതന്ത്രരാണ്.

* ഒരു അതിഥി Hans Burhauser പറഞ്ഞു: 'ഞാൻ ഈ പരിപാടിയിൽ വളരെ ആകർഷിതനായിരിക്കുന്നു. ഇത് ആദ്യമായിട്ടാണ് എനിക്ക് മുസ്‌ലീംകളുമായി ബന്ധമുണ്ടാകുന്നത്. ഞാൻ നല്ല ഇസ്‌ലാമിനെക്കുറിച്ച് കേട്ടിരുന്നു. ഇപ്പോൾ എനിക്ക് അനുഭവവുമായി. മുഴുവൻ പരിപാടിയുടേയും ഏർപാടുകൾ വളരെ നന്നായിരുന്നു.'

* Die Grunen പാർട്ടിയുമായി ബന്ധമുള്ള ഒരു നഗരത്തിന്റെ പാർലമെന്റേറിയനായ അതിഥി Kurt Lauer പറഞ്ഞു: 'ദേശത്തോടുള്ള സ്നേഹം വിശ്വാസത്തിൽപ്പെട്ടതാണ്' എന്ന സന്ദേശം കേട്ട് അദ്ദേഹം വളരെ സന്തോഷവാനായി. പ്രത്യേകിച്ചും തുർക്കികളുടെ ജമാഅത്തിനെ കണ്ടിട്ട് അദ്ദേഹം ആശങ്കാകുലനാണ്. അവർ ഈ രാജ്യത്തോടു ശരിയായ നിലയിൽ കൂറു പുലർത്തുന്നവരല്ല. പക്ഷേ, അഹ്മദിയ്യാ ജമാഅത്ത് കൂറുപുലർത്തുന്നവരാണെന്ന് ഹുദൂറിന്റെ പ്രസംഗം കേട്ട് മനസ്സിലാകുന്നു. ഏർപാടുകൾ എല്ലാ രീതിയിലും വളരെ നല്ലതായിരുന്നു. പ്രത്യേകിച്ചും ജർമൻ ഭാഷ നല്ലവണ്ണം അറിയുന്ന ജമാഅത്തിലെ ഒരു മുറബ്ബിയുമായി സംസാരിച്ച് വളരെ സന്തോഷമായി. കാരണം മറ്റു മുസ്‌ലീംകളുടെ ഇമാം ജർമൻ സംസാരിക്കുകയേ ഇല്ല. രാഷ്ട്രീയവും മതവും വെവ്വേറെ വെക്കണമെന്ന നിങ്ങളുടെ ആദർശം വളരെ നല്ലതാണ്.'

* ഒരു അതിഥി Jurgen Luders പറഞ്ഞു: 'ഞങ്ങളുടെ നഗരം നിങ്ങൾക്ക് മസ്ജിദ് നിർമിക്കാൻ സ്ഥലം തരാൻ ഇത്ര താമസിപ്പിച്ചതിൽ എനിക്ക് ദുഃഖമുണ്ട്. നിങ്ങൾക്ക് എത്രയോ മുമ്പേ സ്ഥലം കിട്ടേണ്ടതായിരുന്നു.'

# തിന്മകളിൽനിന്ന് രക്ഷപ്പെടുന്നതിന് അനുഭവിച്ചറിഞ്ഞ കുറിപ്പടി

ഹദ്റത്ത് അല്ലാമ ഹക്കീം നൂറുദ്ദീൻ സാഹിബ് ഖലീഫത്തുൽമസീഹ് അവ്വൽ(റ) പറയുന്നു: അല്ലാഹു തന്നോടൊപ്പമുണ്ടെന്ന് മനുഷ്യൻ മനസ്സിൽ വിചാരിക്കുകയും ചുറ്റിക്കറങ്ങി നടക്കുമ്പോൾ അല്ലാഹു തന്നെ കാണുന്നുവെന്ന് വിചാരിക്കുകയും ചെയ്താൽ വലിയവന്റെ മുമ്പിൽ തെറ്റു ചെയ്യുകയില്ലെന്നത് മനുഷ്യന്റെ പ്രകൃതിയിലുള്ള കാര്യമാണ്. പിന്നെ ബഹുമാന്യനായ ഉപകാരം ചെയ്യുന്നവന്റെ മുമ്പിൽ എങ്ങനെ തെറ്റു ചെയ്യാനാണ്? അതിനാൽ അല്ലാഹുവിൽ വിശ്വസിക്കൽ തിന്മയിൽനിന്ന് രക്ഷിക്കുന്നു. അല്ലാഹു വിധികർത്താവാണ്. ശിക്ഷകനാണ്. നന്മകളേയും നന്മചെയ്യുന്നവനേയും സ്നേഹിക്കുന്നവനാണ്. തിന്മകളുമായും തിന്മചെയ്യുന്നവനുമായും ഒരു ബന്ധവും വെക്കുന്നില്ല. ഈ എല്ലാ കാര്യങ്ങളും ഈമാനിൽ പ്രവേശിച്ചാൽ തിന്മയിൽനിന്ന് രക്ഷപ്പെടുന്നതാണ്.

തിന്മയിൽനിന്ന് രക്ഷപ്പെടുന്നതിന് പരലോകത്തിലുള്ള വിശ്വാസവും അനുഭവിച്ചറിഞ്ഞൊരു കുറിപ്പടിയാണ്. തന്റെ എല്ലാ കർമങ്ങൾക്കും തീർച്ചയായും ഫലമുണ്ടെന്ന് മനുഷ്യൻ വിചാരിച്ചാൽ, നന്മയ്ക്കുള്ള ഫലം നന്മയും തിന്മയ്ക്കുള്ള ഫലം തിന്മയും തീർച്ചയായും തിന്മകളിൽനിന്ന് രക്ഷപ്പെട്ടിരിക്കും."

(ഇർശാദാത്തെ നൂർ വാല്യം 1 പേജ് 67-അൽഫള്ൽ ഇന്റർ നാഷണൽ, 2016 സെപ്റ്റംബർ 2-8)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin